കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# www.lfa.kerala.gov.in

# തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

# 2016-2017

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി13-1124/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ – 688 011
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com
തീയതി: 13.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി13-1124/17 തീയതി: 13.09.2017

# ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 16.10.2016 മുതൽ 31.7.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 07.08.2017 മുതൽ 17.08.2017 വരെ | ശ്രീമതി. മായ. വി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാജേഷ്. കെ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാജേഷ്. റ്റി, ഓഡിറ്റർ |
| | ശ്രീമതി. രാജിമോൾ പി.സി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1. | ശ്രീ. കെ.ജെ. സെബാസ്റ്റ്യൻ | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീ. എസ് അനിൽകുമാർ | 01.04.2016 -29.12.2016 |
| 2 | ശ്രീ.വി. വി. പ്രസാദ് | 30.12.2016 -31.03.2017 |

3)

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | |
|---|---|---|
| ധനകാര്യം | ശ്രീമതി. രേഷ്മ രംഗനാഥ് | 01.04.2016 – 31.03.2017 |
| വികസനകാര്യം | അഡ്വ. പി. എസ്. ജ്യോതിഷ് | 01.04.2016 - 31.03.2017 |
| ക്ഷേമകാര്യം | ശ്രീമതി. സുധർമ്മ സന്തോഷ് | 01.04.2016 - 31.03.2017 |
| ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീമതി. രമാ മദനൻ | 01.04.2016 - 31.03.2017 |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സമീറ പോത്തുകാട്ടിൽ | 01.04.2016 - 31.03.2017 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ഡോ. അമ്പിളി | 01.04.2016 - 31.03.2017 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. അനുപമ. എസ്. പിള്ള | 01.04.2016 - 31.03.2017 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീ. മോഹൻദാസ് | 01.04.2016 - 31.03.2017 |
| വെറ്ററിനറി സർജൻ | ഡോ. സമീറ ബീഗം | 01.04.2016 - 31.03.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. മാർഗരറ്റ് ഷൈൻ | 01.04.2016 - 31.03.2017 |
| പ്രധാന അധ്യാപകൻ, ഗവ. എൽ.പി.എസ്. | ശ്രീ. ഡി. ബാബു | 01.04.2016 - 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ദീപ്തി ജെയിംസ് | 01.04.2016 - 31.12.2016 |
| | ശ്രീമതി. മായാദേവി. പി.ആർ. | 01.01.2017 - 01.03.2017 |
| | ശ്രീ. സുഭാഷ് കുമാർ | 02.03.2017 - 31.03.2017 |
| വി.ഇ.ഒ – മുട്ടത്തിപ്പറമ്പ് സർക്കാർ | ശ്രീമതി. പി.എസ്. ലീലാമ്മ | 01.04.2016 - 31.03.2017 |
| വി.ഇ.ഒ – തണ്ണീർമുക്കം സർക്കാർ | ശ്രീമതി. പ്രമീള. പി | 01.04.2016 - 31.03.2017 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. ബിന്ദു. കെ.ഒ | 01.04.2016 - 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. രശ്മി മാനുവൽ | 01.04.2016 –31.03.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ഷിബു | 01.04.2016 - 09.11.2016 |
| | ശ്രീമതി. പ്രസന്നകുമാരി. എൽ | 10.11.2016 -31.03.2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം-1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തനത് വരുമാനം | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം-2 | | |
| 11 | വസ്തു നികുതി | 2-1 |
| 12 | തൊഴിൽ നികുതി - കുടിശ്ശിക ഈടാക്കുന്നില്ല | 2-2 |
| 13 | തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല | 2-3 |
| 14 | സ്ഥാപന നികുതി ഈടാക്കുന്നില്ല | 2-4 |
| 15 | കെട്ടിട വാടക | 2-5 |
| 16 | ലേലത്തുക ഈടാക്കിയിട്ടില്ല | 2-6 |
| 17 | ഡി & ഓ ലൈസൻസ് - അപാകതകൾ | 2-7 |
| 18 | ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ ലഭിച്ചിട്ടില്ല | 2-8 |

| | | |
|---|---|---|
| | | |
| ഭാഗം-3 | | |
| 19 | കടിവെള്ള ടാങ്ക് വിതരണം - ഉയർന്ന ടെണ്ടർ അംഗീകരിച്ചു | 3-1 |
| 20 | ഫർണീച്ചർ വാങ്ങൽ – ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-2 |
| 21 | നെൽകൃഷിക്ക് വിത്ത് വിതരണം - നൽകിയ നെല്ല് വിത്ത് മുഴുവൻ വിതച്ചില്ല | 3-3 |
| 22 | വിഷരഹിത വേപ്പില ഗ്രാമം - പദ്ധതി തുക ഉത്പാദനപരമല്ലാത്ത കാര്യങ്ങൾക്ക് വിനിയോഗിച്ചു | 3-4 |
| 23 | സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും - അധികച്ചെലവ് അനുവദിക്കുന്നില്ല | 3-5 |
| 24 | സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ | 3-6 |
| 25 | ഗിൽനെറ്റും ഡിങ്കിയും - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ | 3-7 |
| 26 | ബിറ്റുമിന്റെ മാർക്കറ്റ് റേറ്റ് വില വ്യത്യാസം കുറവ് ചെയ്തില്ല- അധികച്ചെലവ് | 3-8 |
| 27 | സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള ചുറ്റുമതിൽ നിർമ്മാണം- അധിക നിരക്ക് അംഗീകരിക്കുന്നില്ല | 3-9 |
| 28 | മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-10 |
| 29 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 3-11 |
| 30 | തുക മുൻകൂറായി നൽകി - മരുന്നുകൾ ലഭിച്ചിട്ടില്ല | 3-12 |
| 31 | സേവന നികുതി ബാധകമായ കരാർ പ്രവൃത്തികളിൽ നിന്നും സേവന നികുതി ഈടാക്കിയില്ല | 3-13 |
| 32 | പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയിട്ടില്ല | 3-14 |

| | | |
|---|---|---|
| 33 | ബസ് സ്റ്റാൻഡിന് അടിസ്ഥാന സൗകര്യം തയ്യാറാക്കൽ-നിർവ്വഹണത്തിലെ ന്യൂനതകൾ | 3-15 |
| 34 | കുടുംബശ്രീ കോൺഫറൻസ് ഹാൾ നിർമ്മാണം- പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ കിഴിവ് നടത്താതിരുന്നത് മൂലം അധിക തുക നൽകി | 3-16 |
| 35 | കന്നുകുട്ടി പരിപാലനം - പ്രോജക്ട് പൂർത്തിയാക്കിയിട്ടില്ല | 3-17 |
| 36 | അയൽസഭ -രജിസ്റ്ററുകൾ വാങ്ങിയത് സംബന്ധിച്ച് | 3-18 |
| 37 | നാമക്കാട് കമ്മ്യൂണിറ്റിഹാൾ വൈദ്യുതീകരണം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-19 |
| 38 | രേഖകൾ ഹാജരാക്കിയില്ല | 3-20 |
| ഭാഗം-4 | | |
| 39 | വാർഷിക കണക്കുകളുടെ പരിശോധന | 4-1 |
| 40 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 45 | ഓഡിറ്റ് റിക്കവറി | 4-7 |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 49 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 50 | ഖണ്ഡിക 3-1, 3-2 നഷ്ടത്തരവാദികളായ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളുടെ പേര് വിവരം | അനുബന്ധം-2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 02/03/2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 20,26,21,050 | 18,64,97,000 |
| വാർഷിക കണക്ക് പ്രകാരം (RP പത്രിക പ്രകാരം) | 8,73,18,613 | 7,28,54,313 |

ബി ഫണ്ടിനത്തിൽ ഡി.ബി.റ്റി. സംവിധാനം വഴി വിതരണം ചെയ്യപ്പെട്ട 4.8 കോടി രൂപയും എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ ഇ.എഫ്.എം.എസ്. വഴി വിതരണം ചെയ്യപ്പെട്ട 7.8 കോടി രൂപയും രസീപ്റ്റ് & സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 28.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ (ക്വാളിഫൈഡ്) സർട്ടിഫിക്കറ്റ് നൽകുന്നു. (അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്).

(വിശദ വിവരം ഖണ്ഡിക- 4-1 കാണുക).

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 19817042 | 17887606 | 94.5% |
| വികസനഫണ്ട് എസ്.സി.പി. | 2658897 | 1943251 | 73% |
| വികസനഫണ്ട് ടി.എസ്.പി. | 633117 | 386922 | 61% |
| സംരക്ഷണഗ്രാന്റ് റോഡ് | 5327541 | 5327230 | 99.9% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5143644 | 3854300 | 74.9% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10609088 | 8553363 | 80.6% |

| | | | |
|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 7656582 | 2842762 | 37.13% |
| ബി ഫണ്ട് | 48009880 | 48009880 | 100% |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 79131337 | 78917482 | 99.73% |
| | (മുന്നിരിപ്പ് 2895/- ഉൾപ്പെടെ) | | യഥാർത്ഥ നീക്കിയിരിപ്പ് 213855/- |

കുറിപ്പ് :- അക്കൌണ്ട്സിലെ നീക്കിയിരിപ്പിലെ 100280/-രൂപയുടെ കുറവുണ്ട്. (വിശദാംശത്തിന് ഖണ്ഡിക 4-1 കാണുക)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 184 | 97075285 | 126 | 49051952 | 1 | 57 | 68.48 |

## 1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 44.08ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം 2016-17) | വ്യത്യാസം | ശതമാനം (+)/ (-) |
|---|---|---|---|---|
| നികുതി വരവുകൾ | 6576326 | 10334259 | 3757933 | 57.14 |
| നികുതിയേതര വരവുകൾ | 15056981 | 2044945 | (-) 13012036 | (-) 86.42 |
| മറ്റ് വരവുകൾ | 3339771 | 1585333 | (-) 1754438 | (-) 52.53 |
| ആകെ | 24973078 | 13964537 | (-) 11008541 | (-) 44.08 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 966840 | 479 |
| കർഷകതൊഴിലാളി പെൻഷൻ | 3681070 | 434 |
| വിധവാപെൻഷൻ | 10077650 | 1016 |
| വാർദ്ധക്യകാലപെൻഷൻ | 25814160 | 2081 |
| വികലാംഗപെൻഷൻ | 5389900 | 559 |
| അവിവാഹിതപെൻഷൻ | 1510260 | 133 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 570000 | 19 |
| ആകെ | 48009880 | 4721 |

മേൽ പദ്ധതികൾ പ്രകാരം 4721 ഗുണഭോക്താക്കൾക്കായി ക്ഷേമപദ്ധതി ഇനത്തിൽ ആകെ 4,80,09,880/-രൂപ ചെലവഴിച്ചിട്ടുണ്ട്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.8.2017 ഉച്ച തിരിഞ്ഞ് 3.30 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 3656/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. പ്രധാന തനതു വരുമാനമായ കെട്ടിട നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയറിലെ പോരായ്മകൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്ററിൽ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് വിവരം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക്-ഇൻ- രജിസ്റ്റർ, സ്റ്റോക്ക്-ഔട്ട് രജിസ്റ്റർ, അൺ സർവ്വീസബിൾ ഐറ്റംസ് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചതായി കാണുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര

നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07/17 | 06/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/08/2016 | 2010/11 –2015/16 | 07/10/2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203, 2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഏതൊരു ഗ്രാമ പഞ്ചായത്തും അതാത് പ്രദേശത്തുള്ളതും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും ആക്ടിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്തേണ്ടതാണ്. ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോ ഇനം കെട്ടിടങ്ങൾക്കും സർക്കാർ നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്കുകളുടെ പരിധിക്ക് വിധേയമായി ഒരു ചതുരശ്ര മീറ്ററിന് ഈടാക്കേണ്ട നികുതി, പഞ്ചായത്തിന് പ്രമേയം മൂലം നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ പ്രകാരമാണ് ഒരു കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിശ്ചയിക്കുന്നത്. തണ്ണീർമുക്കം പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപനം 9.12.2011 ന് 2011ഏപ്രിൽ 1 മുതൽ മുൻകാല പ്രാബല്യത്തിൽ നിലവിൽ വന്നു. നികുതി പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. *ഡാറ്റാ എൻട്രിയിലെ പിഴവ് മൂലം വരുമാന നഷ്ടം*

കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും,സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 50/- മുതൽ 70/-രൂപ വരെ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, 1 ചതുരശ്ര മീറ്ററിന് 65/- രൂപ നിരക്കിലാണ്. എന്നാൽ താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങളുടെ നികുതി, ചതുരശ്ര മീറ്ററിന് 50/-രൂപ നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. ഇതുമൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വന്നിരിക്കുന്നു.

| വാർഡ്നം/ കെട്ടിട നം. | പേരും അഡ്രസ്സും, | തറ വിസ്തീർണ്ണം (ച.മീറ്ററിൽ) | ഇളവ് (%) | വർദ്ധന (%) | അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|---|
| 19/123A | ദേവദാസ്, പുത്തനവെളി | 214.5 | - | 20% (റോഡ്:5മീറ്ററിൽ കൂടുതൽ) | 16732/- (=214.5*65+ 2789) | 19242/- (=16732+1673 (ST) +837(LC)) | 14801/- | 4441/- |
| 2/553 | ജനറൽ മാനേജർ, യുണൈറ്റഡ് സ്പിരിറ്റ്സ് | 570.4 | 10% (കുറഞ്ഞതരം മേൽക്കൂര- 10%) | 20% (റോഡ്:5മീറ്ററിൽ കൂടുതൽ) | 40783/- (=570.4*65- 3708+7415) | 46900/- (=40783+4078 (ST) +2039(LC)) | 36079/- | 10821/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2/8B | പാർവ്വതി, കളിത്തട്ടുങ്കൽ | 100.98 | | 20% (റോഡ്:5മീറ്ററിൽ കൂടുതൽ) | 7877/- (=100.98*65+ 1313) | 9059/- (=7877+788(ST) +394(LC)) | 6968/- | 2091/- |
| 19/601A | മാനേജിംഗ് ഡയറക്ടർ, കിൻഡർ വിമൻസ് ഹോസ്പിറ്റൽ | 113 | - | 20% (റോഡ്:5മീറ്ററിൽ കൂടുതൽ) | 8814/- (=113*65+ 1469) | 10136/- (=8814+881(ST) +441(LC) | 7797/- | 2339/- |
| 21/326G | പുഷ്കരേഷ് പി | 180 | 10% (കുറഞ്ഞതരം മേൽക്കൂര- 10%) | 20% (റോഡ്:5മീറ്ററിൽ കൂടുതൽ) | 12870/- (=180*65- 1170+2340) | 14801/- (=12870+1287 (ST)+644(LC)) | 11385/- | 3416/- |
| ആകെ കുറവ് | | | | | | | | 23108/- |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/11.08.2017) ലഭ്യമാക്കിയ മറുപടിയിൽ, ഈ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മുൻകാല പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിച്ച് ഉടമകൾക്ക് ഡിമാൻറ് നോട്ടീസ് നൽകേണ്ടതും പലിശ ഉൾപ്പെടെ തുക ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2. ***കെട്ടിടത്തിന് ഭാഗികമായി മാത്രമേ നികുതി നിർണ്ണയിച്ചിട്ടുള്ളൂ.***

സെൻ്റ് തോമസ് കോൺവെൻ്റ് മദർ സുപ്പീരിയറിൻറ ഉടമസ്ഥതയിലുള്ള 15/452 നമ്പറിലുള്ള കെട്ടിടത്തിന് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയ വിസ്തീർണ്ണം 200 ച.മീ ആണ്. ഈ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിട്ടില്ല. ഈ കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തി പുതുതായി പെർമിറ്റ് എടുത്തു നിർമ്മിച്ച 615ചതുരശ്രമീറ്റർ കെട്ടിടത്തിന് 7/-രൂപ നിരക്കിൽ നികുതി നിർണ്ണയിക്കുകയും 15/452A എന്ന കെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. കംപ്ലീഷൻ പ്ലാനിലും സൈറ്റ് വെരിഫിക്കേഷൻ റിപ്പോർട്ടിലും കെട്ടിടത്തിൻറ ആകെ തറ വിസ്തീർണ്ണം 1144 ചതുരശ്ര മീറ്ററാണ്. എന്നാൽ 615ചതുരശ്രമീറ്ററിന് മാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ശേഷിക്കുന്ന 529 ചതുരശ്ര മീറ്ററിന് നികുതി നിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അസസ്സ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി പ്രകാരം 15/452നമ്പർ കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. സൈറ്റ് വെരിഫിക്കേഷൻ നടത്തി നിലവിലുള്ള കെട്ടിടത്തിന് ഘടനാപരമായി മാറ്റം വന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടത്തിന്റെ നിലവിലെ യഥാർത്ഥ തറവിസ്തീർണ്ണം ഉറപ്പ് വരുത്തി നികുതി നിർണ്ണയിച്ച് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

3. ***സഞ്ചയ സോഫ്റ്റ്വെയറിലെ അപാകത- കാലപ്പഴക്കത്തിന് ആനുപാതികമായ ഇളവ് കൂട്ടിച്ചേർക്കപ്പെട്ട കെട്ടിടഭാഗത്തിനും ലഭിക്കുന്നു.***

നിലവിൽ നികുതി ഒടുക്കിവരുന്ന ഒരു കെട്ടിടത്തിന് ഘടനാപരമായല്ലാതെ കൂട്ടിച്ചേർക്കലുകൾ വരുത്തുകയും കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗത്തിന് പുതുക്കിയ നിരക്കിൽ നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിൽ ഫോറം 6 പ്രകാരം നികുതി കണക്കാക്കുമ്പോൾ, പഴയ കെട്ടിടത്തിൻറ കാലപ്പഴക്കത്തിന് ആനുപാതികമായി നല്കുന്ന ഇളവ് പുതുതായി കൂട്ടിച്ചേർക്കപ്പെട്ട ഭാഗത്തിനും ലഭിക്കുന്നു. ആയതിനാൽ ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വരുന്നു. ഉദാഹരണമായി ശ്രീ. ജയകുമാർ, പ്രായിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 10 മുതൽ 25 വർഷം വരെ പഴക്കമുള്ള 17/593

നമ്പറിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം 80.64 ച.മീ ആണ്. ഈ കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയതിൻറ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മാറ്റം വന്ന വിസ്തീർണ്ണം = 84.55

ആകെ തറവിസ്തീർണ്ണം = 165.19

അടിസ്ഥാന വസ്തുനികുതി = 1157

നിലവിൽ ഈടാക്കി വരുന്ന നികുതി = 492

കൂട്ടിച്ചേർക്കപ്പെട്ട ഭാഗത്തിൻറെ നികുതി = 84.55*7=592

കൂട്ടിച്ചേർക്കപ്പെട്ട ഭാഗത്തിന് നൽകിയ കാലപ്പഴക്കത്തിന് ആനുപാതികമായ ഇളവ് (10%) = 59

ഇളവിന് ശേഷം കൂട്ടിച്ചേർക്കപ്പെട്ട ഭാഗത്തിന്റെ നികുതി = 592-59=533

കെട്ടിടത്തിന്റെ ആകെ നികുതി = 533+492=1025/-

ഈ അപാകത പരിഹരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. *<u>വസ്തുനികുതി-കെട്ടിടത്തിന്റെ ഉപയോഗക്രമം അനുസരിച്ച് നികുതി നിർണ്ണയിച്ചിട്ടില്ല.</u>*

സെന്റ് ജെയിംസ് ചർച്ച് വികാരിയുടെ ഉടമസ്ഥതയിലുള്ള 604.96 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളിൽ നിരവധി കടകൾ പ്രവർത്തിച്ചു വരുന്നു. ഇതിലെ ഓരോ കടമുറികൾക്കും വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിങ്ങളുടെ വസ്തുനികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 50/- രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ 9-12-2011 ലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള ഷോപ്പിങ് മാളുകളുടെ അടിസ്ഥാന വസ്തു നികുതി, 1 ചതുരശ്ര മീറ്ററിന് 80/- രൂപ നിരക്കിൽ ഈടാക്കണം എന്നതാണ്. എന്നാൽ ഇവിടെ ഒരു ചതുരശ്ര മീറ്ററിന് 50/- രൂപ മാത്രമാണ് ഈടാക്കുന്നത്. ഇതു മൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ വലിയ കുറവ് വന്നിരിക്കുന്നു .

5. *<u>അനധികൃത കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തി നിർമ്മിച്ച കെട്ടിടം നിയമാനുസൃതമായത് സംബന്ധിച്ച്</u>*

ശ്രീ. എം. ഒ. ബാബു, മംഗലത്തുകരി എന്നയാളുടെ ഉടമസ്ഥതയിലുള്ള കായലിൽ നിന്നും 50 മീറ്ററിൽ താഴെ മാത്രം ദൂരത്തിലുള്ള 6/200 നമ്പറിലുള്ള കെട്ടിടം, ടിയാളുടെ നിലവിലുള്ള 6/199 UA കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തി നിർമ്മിച്ചിട്ടുള്ളതാണ്. നിർമ്മാണം പൂർത്തിയാക്കിയ ഈ കെട്ടിടത്തിന് കാലപ്പഴക്കത്തിന് ആനുപാതികമായ ഇളവും നല്കിയിട്ടുണ്ട്. എന്നാൽ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിന് മുമ്പ് ടിയാന്റെ കെട്ടിട നം. 6/199 എന്നാണ്. ഈ കെട്ടിടത്തിന് UAനമ്പർ ആണ് നല്കിയിട്ടുള്ളത്. പഴയ UA നമ്പറിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം ഫോറം 6 പ്രകാരം 60 ച.മീ ആണ്. ഈ കെട്ടിടത്തിന് UA കെട്ടിടങ്ങൾക്കുള്ള നികുതി അടക്കുന്നുണ്ട്. എന്നാൽ അനധികൃത നിർമ്മാണത്തിൽപ്പെട്ട കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തി നിർമ്മിച്ച കെട്ടിത്തിന്റെ വിസ്തീർണ്ണം 220 ച.മീ ആണ്. ഇതിന് 6/200 എന്ന കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ പഴയതും പുതിയതുമായ പ്ലാനുകൾ, പെർമിറ്റ് ഫയൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും 6/200 നമ്പർ കെട്ടിടത്തിന് കെട്ടിടനമ്പർ നല്കിയ ഫയൽ മാത്രമേ ഉള്ളൂ എന്നാണ് അറിയിച്ചിട്ടുള്ളത്. ഈ കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് എടുത്തിട്ടില്ല. അനധികൃത നിർമ്മാണത്തിൽ വരുന്ന CRZ മേഖലയിൽപ്പെട്ട കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തി നിർമ്മിച്ച മേൽ കെട്ടിടത്തെ എങ്ങനെയാണ് നിയമാനുസൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തി നമ്പർ നല്കിയതെന്ന് വ്യക്തമല്ല. പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടം റഗുലറൈസ് ചെയ്യാതെയാണ് കെട്ടിടനമ്പർ നല്കിയത്. കായലിൽ നിന്നും ഇതേ ദൂരപരിധിയിൽ വരുന്ന നിരവധി കെട്ടിടങ്ങൾ UA കെട്ടിടങ്ങളുടെ ലിസ്റ്റിലാണ് വരുന്നതെങ്കിലും ഈ ഒരു കെട്ടിടം മാത്രം എങ്ങനെ

നിയമാനുസൃതമായി എന്ന് മനസ്സിലാവുന്നില്ല. ആയതിനാൽ ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

6. *നികുതി നിർണ്ണയത്തിലെ അപാകത മൂലം വരുമാനത്തിൽ കുറവ്.*

ശ്രീ. ഉണ്ണികൃഷ്ണൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള 20/417 നമ്പർ കെട്ടിടം വാണിജ്യാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ളതാണ്. ബേക്കറി ആവശ്യത്തിനാണ് ഈ കെട്ടിടം ഉപയോഗിച്ച് വരുന്നത്. എന്നാൽ കൈത്തറി, കയർപിരി ഷെഡുകൾക്ക് ഈടാക്കുന്ന ചതുരശ്ര മീറ്ററിന് 15/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. കൂടാതെ ശ്രീ. വേണു എന്നയാളുടെ കാറ്ററിംഗ് ആവശ്യത്തിന് ഉപയോഗിച്ച് വരുന്ന 15/269 നമ്പറിലുള്ള 90.44ച.മീ കെട്ടിടത്തിനും 15/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഈ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽപ്പെടുത്തി നികുതി പുനർനിർണ്ണയി ക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 50/- രൂപ നിരക്കിൽ നികുതി റീഅസസ്സ് ചെയ്ത് ഡിമാന്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി - കുടിശ്ശിക ഈടാക്കുന്നില്ല

2016-17കാലയളവിലെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ (ആകെ) |
|---|---|---|---|---|
| 1 | പോസ്റ്റാഫീസ് കണ്ണങ്കര | --- | 1230 | 1230 |
| 2 | പ്രശാന്ത് VEO | --- | 1250 | 1250 |
| 3 | ഗവ.LPS,വാരണം | 5450 | 5450 | 10900 |
| 4 | ഇന്ദിര ജനാർദ്ദനൻ വിദ്യാമന്ദിർ | 990 | 990 | 1980 |
| 5 | ലക്ഷ്മി ബി, MNREGA എഞ്ചിനിയർ | 1000 | 600 | 1600 |
| 6 | എലോന ഹോസ്പിറ്റാലിറ്റീസ് ലിമിറ്റഡ് | --- | 9750 | 9750 |
| 7 | ചെങ്ങണ്ട കയർ സഹകരണസംഘം | 600 | 600 | 1200 |
| 8 | ത്രിവേണി സൂപ്പർമാർക്കറ്റ് | 360 | 360 | 720 |
| 9 | ഇസാഫ് മൈക്രോ ഫിനാൻസ് | --- | 300 | 300 |
| 10 | ബഡ്സ് സ്കൂൾ | --- | 2070 | 2070 |

| | | | | |
|---|---|---|---|---|
| | | | | |
| | ആകെ | | | 31000/- |

സെൻ്റ് സേവ്യേഴ്സ് എൽ.പി. സ്കൂൾ, വാരണം, കണ്ണങ്കര എന്ന സ്ഥാപനത്തിൽ നിന്നും ആദ്യപകുതിയിൽ ഒരു ഹെഡ്മിസ്ട്രസ്സും ഒരു ടീച്ചറും മാത്രമാണ് തൊഴിൽ നികുതി അടച്ചിട്ടുള്ളത്. രണ്ടാം പകുതിയിൽ ഹെഡ്മിസ്ട്രസ്സ് മാത്രമാണ് തൊഴിൽ നികുതി അടച്ചിരിക്കുന്നത്. നിലവിലുള്ള ടീച്ചർ ശൂന്യവേതനാവധിയിലാണ്. ഈ സ്കൂളിലെ ജീവനക്കാരുടെ എണ്ണം, മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കുടിശ്ശിക ഈടാക്കാത്തതിൻ്റെ കാരണം എന്നിവ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/11.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി കുടിശ്ശികയിനത്തിലുള്ള 31000/-രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി ഡിമാൻ്റ് ചെയ്യുന്നില്ല

പഞ്ചായത്ത് പരിധിക്കുള്ളിൽ ഹിന്ദുസ്ഥാൻ പെട്രോളിയത്തിൻ്റെയും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ്റെയും ഉൾപ്പെടെ 3പമ്പുകളും ഹിന്ദുസ്ഥാൻ പെട്രോളിയത്തിൻ്റെ ഗ്യാസ് ഏജൻസിയും പ്രവർത്തിക്കുന്നുണ്ട്. തിരുവതാംകൂർ ദേവസ്വം ബോർഡിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് ക്ഷേത്രങ്ങളും ഉണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഡിമാൻ്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനത്തിൻ്റെ പേര് |
|---|---|
| 1 | ഭവാനി ഗ്യാസ് ഏജൻസി (ഹിന്ദുസ്ഥാൻ പെട്രോളിയം), കാളികുളം |
| 2 | ചാലി നാരായണപുരം ക്ഷേത്രം, തണ്ണീർമുക്കം |
| 3 | ധർമ്മശാസ്ത ക്ഷേത്രം, ചെങ്ങണ്ട |
| 4 | ഹിന്ദുസ്ഥാൻ പെട്രോളിയം പമ്പ്, തണ്ണീർമുക്കം |
| 5 | ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പമ്പ്, പഞ്ചായത്ത് കവല |

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാൻ്റ് ചെയ്യാതിരുന്നതിൻ്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/11.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാൻ്റ് ചെയ്ത് തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 സ്ഥാപന നികുതി ഈടാക്കുന്നില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല. സ്ഥാപനനികുതി ഈടാക്കാത്തതിൻ്റെ കാരണം വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/11.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിൻ്റെ പേര് | ഈടാക്കേണ്ട തുക |
|---|---|---|
| 1 | വാരനാട് സർവ്വീസ് സഹകരണ ബാങ്ക് വെള്ളിയാകുളം ബ്രാഞ്ച് | 2500/- |
| 2 | ശ്രീകണ്ഠമംഗലം സർവ്വീസ് സഹകരണ ബാങ്ക് 11ാം മൈൽ ബ്രാഞ്ച് | 2500/- |
| 3 | ശ്രീകണ്ഠമംഗലം സർവ്വീസ് സഹകരണ ബാങ്ക് മുട്ടത്തിപറമ്പ് ബ്രാഞ്ച് | 2500/- |

| | | |
|---|---|---|
| 4 | ദേവീ ഗോൾഡ് ഫൈനാൻസിയേഴ്സ് | 2500/- |
| 5 | പൊടിച്ചിറ ചിട്ടീസ് | 2500/- |
| | ആകെ | 12500 |

## 2-5 കെട്ടിട വാടക

1. 2016-17 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്നവർ വാടക കുടിശ്ശിക വരുത്തിയതായി കാണുന്നു.

| ക്രമ നം. | കെട്ടിടം | വാടകയ്ക്കെടുത്ത വ്യക്തി | വാർഷിക വാടക | അടച്ച തുക | കുടിശ്ശിക |
|---|---|---|---|---|---|
| 1 | പുത്തനങ്ങാടി ഷോപ്പിംഗ് കോംപ്ലക്സ് തെക്കേ കെട്ടിടം XI/275റൂം 1 | വി.എൻ. സദാനന്ദൻ ആനേക്കാട്, മുഹമ്മ | @622 7464/- | 6842 | 622 |
| 2 | പുത്തനങ്ങാടി മാർക്കറ്റ് പടിഞ്ഞാറേ കെട്ടിടം തെക്കുവശം സൈഡുമുറി XI/283 | കെ.കെ.ശ്രീധരൻ, പുളിക്കൽ, വാരണം | @371 4452/- | 1855 | 2597 |
| 3 | മുട്ടത്തിപ്പറമ്പ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.5 | ബൈജു, നാരായണവെളി, വാരണം | @615 7380/- | - | 7380 |
| 4 | വെള്ളിയാകുളം വനിതാ വിപണന കേന്ദ്രം റൂം നം.4 | രജിതാ ദീപു ദീപുനിവാസ് | @4750 42750 (9 മാസത്തെ വാടക) | 14250 | 28500 |
| 5 | വെള്ളിയാകുളം വനിതാ വിപണനകേന്ദ്രം മുകളിലത്തെ ഹാൾ | രജനി.പി ചെട്ടുപറമ്പിൽ | @3769 45228 | 30152 | 15076 |
| 6 | പുത്തനങ്ങാടി ശ്രീകുമാർ തീയേറ്ററിനു സമീപമുള്ള ബങ്ക് | ശിവദാസൻ, പുതുപ്പറമ്പിൽ വാരണം | @105 1260 | 1050 | 210 |
| 7 | മുട്ടത്തിപ്പറമ്പ് മാർക്കറ്റിനകത്തുള്ള കിയോസ്ക് കെട്ടിടം | ഹരിദാസ് മൂലേച്ചിറ | @158 1896 | 474 | 1422 |
| | ആകെ | | | | 55807 |

2. വെള്ളിയാകുളം വനിതാ വിപണനകേന്ദ്രം റൂം നം. 5 വാടകയ്ക്കെടുത്തിരുന്ന ശ്രീമതി. വിലാസിനി, നിലം നികർത്തിൽ, വാരനാട് എന്ന വ്യക്തിയിൽ നിന്നും 2016-17 വർഷം ഈടാക്കിയ വാടകയിൽ 5% വർദ്ധനവ് വരുത്തിയിട്ടില്ല.പഞ്ചായത്ത് കമ്മറ്റിയുടെ 29.03.2016-ലെ തീരുമാനം 2 പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ വാടക 5% കൂട്ടി നിശ്ചയിച്ച് പുതുക്കി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ കടമുറിയോട് ചേർന്നുള്ള മറ്റ് കടമുറികളിൽ 5% വർദ്ധനവ് വരുത്തിയിട്ടുമുണ്ട്. 2015-16 വർഷം

ടിയാളിൽ നിന്നും ഈടാക്കിയിട്ടുള്ള വാടക പ്രതിമാസം 4260 രൂപയാണ്. 5% വർദ്ധനവ് വരുത്തി 2016-17 വർഷം പ്രതിമാസം 4473 രൂപ ഈടാക്കേണ്ടതാണെങ്കിലും പ്രതിമാസം 4260 രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. ഇതുമൂലം പഞ്ചായത്ത്ഫണ്ടിന് {2556 (4473-4260)X2 } രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക ഈടാക്കി അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. തുക ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

3. പുത്തനങ്ങാടി മാർക്കറ്റ് താൽക്കാലിക സ്റ്റാളിന് കിഴക്കുവശമുള്ള ബങ്ക് 27.06.2016-ൽ നടന്ന ലേലത്തിൽ സുഗാന്ധി, സുഗാന്ധിഭവൻ എന്ന വ്യക്തിക്ക് 350 രൂപ പ്രതിമാസവാടകയ്ക്ക് ലേലത്തിൽ നൽകിയിരുന്നു. 20 വർഷമായി പ്രസ്തുത വ്യക്തിയും അച്ഛനും ചേർന്ന് പച്ചക്കറി കച്ചവടം നടത്തുകയായിരുന്നുവെന്നും നാളിതുവരെ അച്ഛന്റെ പേരിലാണ് വാടക നൽകിയിരുന്നതെന്നും 20.05.2015 – ൽ അച്ഛൻ മരണമടഞ്ഞതിനാൽ ടിയാളുടെ പേരിൽ അടയ്ക്കുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് 28.03.2016-ൽ പഞ്ചായത്തിന് കത്തുനൽകിയതായി കാണുന്നു. ഇതിൽ നിന്നും ടിയാൾ പ്രസ്തുത സ്ഥലത്ത് കച്ചവടം തുടർന്ന് നടത്തിവരുന്നതാണെന്ന് വ്യക്തമാണ്. 2015-16 വർഷം ടിയാൾ വാടക ഒടുക്കിയിട്ടുള്ളതാണ്. എന്നാൽ 2016 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ വാടക ഈടാക്കിയിട്ടില്ല. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01/09.08.2017) വാടക ഈടാക്കി അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. കുടിശ്ശിക 1050/- രൂപ (350X3) ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.
4. ഗ്രാമ പഞ്ചായത്തിൽ കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുള്ളവരിൽനിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഉദാ:-

തണ്ണീർമുക്കം ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 8, ശാന്ത .കെ , മണമ്പള്ളി, തണ്ണീർമുക്കം

തണ്ണീർമുക്കം ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 9 രാജേഷ് , പടിഞ്ഞാറേ കൊറ്റിനാട്ട്, തണ്ണീർമുക്കം

മുട്ടത്തിപ്പറമ്പ് മാർക്കറ്റിനകത്തുള്ള കിയോസ്ക് കെട്ടിടം, ഹരിദാസ്, മൂലേച്ചിറ

## 2-6 ലേലത്തുക ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ ലേലരജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന വ്യക്തികൾ ലേലത്തുക അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. 27.6.2016- ൽ നടന്ന ഈ ലേലങ്ങൾ 08.07.2016-ലെ 3-ാം നമ്പർ തീരുമാനപ്രകാരമാണ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ളത്.

| ക്രമ നം. | ലേലം | അവകാശം ലഭിച്ച വ്യക്തിയുടെ പേര് | ലേല തുക | അടവാക്കിയ തുക | കുടിശ്ശിക |
|---|---|---|---|---|---|
| 1 | പുത്തനങ്ങാടി പബ്ലിക് മാർക്കറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം | വേണു, കുന്നേവെളി, വാരണം | 4580 | 3160 | 1420 |
| 2 | മുട്ടത്തിപ്പറമ്പ് മാർക്കറ്റിലെ മാവിൽ നിന്ന് മേലാദായം എടുക്കൽ | ഹരിദാസ്, മൂലേച്ചിറ, മുട്ടത്തിപ്പറമ്പ് | 210 | - | 210 |

കരാർ വയ്ക്കുന്നതിനായി ഹാജരാക്കിയിട്ടുള്ള മുദ്രപ്പത്രത്തിൽ കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല.

ലേലപ്പരസ്യം പ്രകാരം ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31, ഫെബ്രുവരി 28 എന്നിങ്ങനെ നാല് തവണകളിലായി ലേലത്തുക അടവാക്കേണ്ടതാണ്. പ്രസ്തുത വ്യക്തികൾ ലേലത്തുക അടവാക്കുന്നതിൽ കുടിശ്ശിക വരുത്തിയത് സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലേല കുടിശ്ശിക 1630 രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മറ്റിയുടെ 08.07.2016 – ലെ 3-ാം നമ്പർ തീരുമാനത്തിൽ തണ്ണീർമുക്കം പബ്ലിക് മാർക്കറ്റിലെ ഫീസ് പിരിക്കുന്നതിനുള്ള അവകാശം, പുത്തനങ്ങാടി മാർക്കറ്റ് താൽക്കാലിക സ്റ്റാളിന് സമീപമുള്ള മാവിൽ നിന്നും മേലാദായം, തണ്ണീർമുക്കം പബ്ലിക് മാർക്കറ്റിലെ കംഫർട്ട് സ്റ്റേഷനിലെ ഫീസ് പിരിക്കുന്നതിനുള്ള അവകാശം, പുത്തനങ്ങാടി മാർക്കറ്റിനു സമീപമുള്ള മാവിൽ നിന്നുള്ള മേലാദായം എന്നിവയുടെ ലേലത്തിന് ആരും ഹാജരാകാതിരുന്നത് എന്തുകൊണ്ടാണെന്ന് കണ്ടെത്തി പരിഹരിച്ച് പുനർലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഈ വിഷയത്തിൽ വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/09.08.2017) തണ്ണീർമുക്കം മാർക്കറ്റിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ്, ഫിഷ് മാർക്കറ്റ് എന്നിവ വാടകയ്ക്കെടുത്ത് മത്സ്യക്കച്ചവടം നടത്തുന്നവർ മാത്രമാണുള്ളതെന്നും കംഫർട്ട് സ്റ്റേഷനിൽ ഇനിയും പ്രവൃത്തികൾ ചെയ്യേണ്ടതുള്ളതിനാൽ പൊതുജനങ്ങൾക്ക് തുറന്നുനൽകിയിട്ടില്ലെന്നും മേലാദായം എടുക്കുന്നതിന് പുനർലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. പ്രസ്തുത തീരുമാനം പുന:പരിശോധിക്കുന്നതിനും യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 ഡി & ഓ ലൈസൻസ് - അപാകതകൾ

ഡി & ഓ ലൈസൻസ് രജിസ്റ്റർ പ്രകാരം 349 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയാറാക്കിയിട്ടില്ല. തന്മൂലം പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ഡി & ഓ ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ പ്രത്യേകത മൂലം വേമ്പനാട്ട് കായലിന്റെ വശങ്ങളിൽ നിരവധി ചെറുകിട റിസോർട്ടുകളും ഹോം സ്റ്റേകളും സ്ഥിതി ചെയ്യുന്നുണ്ട്. ആയതിൽ പലതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നവയാണ്. ഡി & ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/11.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഭവാനി ഗ്യാസ് ഏജൻസീസ് (ഗോഡൌൺ ഉൾപ്പെടെ) |
| 2 | കോട്ടയ്ക്കൽ ആര്യവൈദ്യശാല |
| 3 | ശ്രീ ശങ്കര ആയുർക്ഷേത്ര |
| 4 | ശ്രീപതി ആയുർവേദാശുപത്രി |
| 5 | ശ്രീദുർഗ്ഗ ഹോട്ടൽ & കാറ്ററിംഗ്സ് |

ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം (സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ) ഇ-ടെണ്ടറിംഗ് നടത്തിയ പ്രവൃത്തികളിൽ നിന്ന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസ്, ഇ.എം.ഡി തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു. ഇതിൽ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ഇ.എം.ഡി | ടെണ്ടർ ഫീസ് | ആകെ ലഭ്യമായ ടെണ്ടർ ഫീസ് |
|---|---|---|---|---|---|
| 1 | ബസ് സ്റ്റാൻഡിന് അടിസ്ഥാന സൗകര്യം തയ്യാറാക്കൽ | 3 | 70825/- | 5250/- | 15750/- |
| 2 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം | 2 | 50000/- | 5250/- | 10500/- |
| 3 | 64-ാം നമ്പർ അങ്കണവാടി നിർമ്മാണം – വാർഡ് 15 | 1 | 18500/- | 1554/- | 1554/- |
| 4 | 87-ാം നമ്പർ അങ്കണവാടി നിർമ്മാണം - വാർഡ് 6 | 1 | 18500/- | 1554/- | 1554/- |
| 5 | കുടുംബശ്രീ കോൺഫറൻസ് ഹാൾ നിർമ്മാണം | 2 | 37250/- | 2625/- | 5250/- |
| 6 | തണ്ണീർമുക്കം ബസ് സ്റ്റാൻഡിന് ടൈൽ പാകൽ | 6 | 50000/- | 4200/- | 25200/- |
| 7 | തണ്ണീർമുക്കം ഫിഷ് മാർക്കറ്റിൽ ഇന്റർലോക്കിംഗ് കട്ട പാകൽ | 5 | 17500/- | 1500/- | 7500/- |
| | | | | ആകെ | 67,308/- |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുടിവെള്ള ടാങ്ക് വിതരണം - ഉയർന്ന ടെണ്ടർ അംഗീകരിച്ചു

പ്രോജക്ട് നം. – 136/16-17

പ്രോജക്ടിന്റെ പേര് – TSP ഗുണഭോക്താക്കൾക്ക് കുടിവെള്ള ടാങ്ക് വിതരണം

അടങ്കൽ – 45480/-

ചെലവ് – 34080/-

ബിൽ നം. – 18/16-17, തീയതി. 29.3.17

കുടിവെള്ള ടാങ്ക് വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ, 500ലിറ്റർ കുടിവെള്ള ടാങ്ക് ഒന്നിന് താഴെ പറയുന്ന തുകയാണ് ക്വാട്ട് ചെയ്തിട്ടുള്ളത്

| ക്രമ നം. | ബ്രാന്റിന്റെ പേര് | ഒരു ടാങ്കിന് ക്വാട്ട് ചെയ്തതുക | 24 ടാങ്കിന്റെ വില |
|---|---|---|---|
| 1 | അരുവി | 1400 രൂപ | 33600 |
| 2 | കേളചന്ദ്ര | 1895 | 45480 |

ടെണ്ടർ പരസ്യത്തിൽ പറഞ്ഞിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുള്ള ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടറാണ് തെരഞ്ഞെടുക്കേണ്ടിയിരുന്നത്. കുടിവെള്ള ടാങ്ക് മോഡലുകൾ കമ്മറ്റി കണ്ടു ബോദ്ധ്യപ്പെട്ടു, അടിയന്തിരമായി വാങ്ങുന്നതിന് തീരുമാനിച്ചു എന്നാണ് പർച്ചേസിംഗ് കമ്മറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 14.12.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ആയതിന് പഞ്ചായത്ത് കമ്മറ്റി ഐകകണ്ഠേന അംഗീകാരം നൽകിയിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അരുവി ബ്രാന്റ് പരിഗണിക്കാതെ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ കേളചന്ദ്ര ബ്രാന്റ് പരിഗണിച്ചതുവഴി 11880/-രൂപയുടെ നഷ്ടം വികസനഫണ്ടിൽ നിന്നുമുണ്ടായിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഗുണമേന്മയുള്ള വാട്ടർ ടാങ്ക് കേളചന്ദ്ര ബ്രാന്റ് ആണെന്ന് കമ്മറ്റിയ്ക്ക് ബോദ്ധ്യപ്പെട്ടതിനാലാണ് കേളചന്ദ്ര ബ്രാന്റ് വാങ്ങിയിട്ടുള്ളതെന്ന് പറയുന്നു. എന്നാൽ കുറഞ്ഞ നിരക്ക് പരിഗണിക്കാതെ കൂടിയ നിരക്കിലുള്ള വാട്ടർ ടാങ്ക് വാങ്ങിയത് സംബന്ധിച്ച് പർച്ചേസിംഗ് കമ്മറ്റി മിനിട്സിലോ പഞ്ചായത്ത് കമ്മറ്റി മിനിട്സിലോ രേഖപ്പെടുത്തലുകളില്ല. ഈ സാഹചര്യത്തിൽ വികസനഫണ്ടിനുണ്ടായ 11880/- രൂപയുടെ നഷ്ടം തീരുമാനമെടുത്ത പഞ്ചായത്ത് കമ്മറ്റിയംഗങ്ങൾ, സെക്രട്ടറി, നിർവ്വഹണോദ്യോഗസ്ഥ എന്നിവരിൽ നിന്ന് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 ഫർണ്ണീച്ചർ വാങ്ങൽ - ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പ്രോജക്ട് നം. - 131/16-17

പ്രോജക്ടിന്റെ പേര് - കമ്മ്യൂണിറ്റി ഹാളിന് ഫർണ്ണീച്ചർ വാങ്ങൽ

അടങ്കൽ - 87700

ചെലവ് - 87700

ബിൽ നം. - 19/16-17, തീയതി. 29.3.2017

കമ്മ്യൂണിറ്റി ഹാളിന് ഫർണീച്ചർ വാങ്ങൽ എന്ന പ്രോജക്ടിനുവേണ്ടി ക്ഷണിച്ച ടെണ്ടർ പരസ്യത്തിൽ ലഭ്യമാക്കേണ്ട ഫർണ്ണീച്ചറിന്റെ ഇനം, തരം എന്നിവ വ്യക്തമാക്കാത്തതിനാൽ വിവിധയിനങ്ങളിൽ ഉൾപ്പെട്ട ഫർണീച്ചറുകളുടെ ടെണ്ടറാണ് ലഭിച്ചിട്ടുള്ളത്. ലഭിച്ച ടെൻഡറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടെണ്ടറിൽ പങ്കെടുത്തവരുടെ വിലാസം | ഫർണ്ണീച്ചറിന്റെ ഇനവും വിലയും | എണ്ണം | ടെണ്ടറിൽ ക്വാട്ട് ചെയ്ത തുക |
|---|---|---|---|---|
| 1 | സിയോൺ ഏജൻസീസ്, തൃപ്പൂണിത്തുറ | പ്ലാസ്റ്റിക്ക് കസേര 365/-രൂപ<br>സ്റ്റീൽ ടേബിൾ 1980/-രൂപ | 224 Nos<br>3Nos | 87700/- |
| 2 | കാഡ്കോ കേരള, കൊല്ലം | പ്ലാസ്റ്റിക്ക് കസേര 345/-രൂപ<br>സ്റ്റീൽ ടേബിൾ 1800/-രൂപ | 224 Nos<br>3Nos | 82680/- |
| 3 | നവഭാരത് ഏജൻസീസ്, കോട്ടയം | പ്ലാസ്റ്റിക്ക് കസേര 415/-രൂപ<br>സ്റ്റീൽ ടേബിൾ 3500/- രൂപ | 224 Nos<br>3Nos | 103460/- |
| 4 | മാത്യു, കണ്ടത്തിൽച്ചിറ | പ്ലാസ്റ്റിക്ക് കസേര 425/-രൂപ<br>സ്റ്റീൽ ടേബിൾ 2240/- രൂപ | 224 Nos<br>3Nos | 101920/- |
| 5 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | പ്ലാസ്റ്റിക്ക് കസേര 420/- രൂപ<br>വുഡ് ടേബിൾ 14900/- രൂപ | 224 Nos<br>3Nos | 138780/- |

വ്യക്തമായ സ്പെസിഫിക്കേഷൻ കാണിക്കാതെ ടെണ്ടർ പരസ്യം നൽകിയതിന്റെ കാരണം

വിശദമാക്കേണ്ടതാണ്. 2016-17ലെ പർച്ചേസിംഗ് കമ്മറ്റി ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ ഫർണീച്ചർ വാങ്ങണമെന്ന് തീരുമാനിച്ചിട്ടില്ല. ഫർണീച്ചറുകളുടെ മോഡലുകൾ കമ്മറ്റി കണ്ടു ബോദ്ധ്യപ്പെട്ടു, അടിയന്തിരമായി വാങ്ങുന്നതിന് തീരുമാനിച്ചു എന്നാണ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെൻഡറാണ് തെരഞ്ഞെടുക്കേണ്ടിയിരുന്നത്. എന്നാൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കാഡ്കോ, കേരള എന്ന സ്ഥാപനത്തെ പരിഗണിക്കാതെ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത സിയോൺ ഏജൻസീസ് എന്ന സ്ഥാപനത്തിനെ പരിഗണിച്ചതുവഴി 5020/-രൂപയുടെ നഷ്ടം വികസനഫണ്ടിൽ നിന്നുമുണ്ടായിട്ടുണ്ട്. ഉയർന്ന നിരക്ക് പരിഗണിക്കുവാനുണ്ടായ സാഹചര്യം വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 14/12/2016ലെ II(c)ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരമാണ് സിയോൺ ഏജൻസീസിന്റെ ടെൻഡർ അംഗീകരിച്ച് ഫർണീച്ചറുകൾ വാങ്ങിയിട്ടുള്ളതെന്ന് പറയുന്നു. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെൻഡർ പരിഗണിക്കാതെ കൂടിയ നിരക്കിലുള്ള ടെൻഡർ അംഗീകരിച്ചതിന് യാതൊരു കാരണവും പർച്ചേസിഗ് കമ്മറ്റി മിനിട്സിലോ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിലോ രേഖപ്പെടുത്തിയിട്ടില്ല. മേൽ നടപടി പ്രൊക്യൂർമെന്റ് മാന്വുവലിന് വിരുദ്ധമായതിനാൽ വികസനഫണ്ടിൽ നിന്നും നഷ്ടമായ 5020/-രൂപ സെക്രട്ടറി, നിർവ്വഹണോദ്യോഗസ്ഥയായ അസ്സി.സെക്രട്ടറി, തീരുമാനമെടുത്ത കമ്മറ്റിയംഗങ്ങൾ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 നെൽകൃഷിക്ക് വിത്ത് വിതരണം - നൽകിയ നെല്ല് വിത്ത് മുഴുവൻ വിതച്ചില്ല

പ്രോജക്ട് നം. - 9/16-17

പ്രോജക്ടിന്റെ പേര് - നെൽകൃഷിക്ക് വിത്ത്,കൂലി ചെലവ് സബ്സിഡി

അടങ്കൽ - 4,96,000/-

ചെലവ് - 4,13,710/-

ബിൽ നം. - 1/2016-17, തീയതി. 31.1.17 (253710/-)

പുഞ്ചപാടം നെല്ല് ഉത്പാദകസമിതിയുടെ 2500 സെന്റ് സ്ഥലത്ത് കൃഷിചെയ്യുന്നതിനായി കേരള സീഡ് ഡെവലപ്മെന്റ് അതോറിറ്റിയിൽ നിന്ന് 40 രൂപ നിരക്കിൽ 990 കിലോ ജ്യോതി നെല്ല് വിത്ത് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ പുഞ്ചപാടം നെല്ല് ഉത്പാദകസമതി സംഘം സെക്രട്ടറി ലഭ്യമാക്കിയ വിതരണ രജിസ്റ്റർ പ്രകാരം 2311 സെന്റിൽ മാത്രമാണ് കൃഷി നടന്നിട്ടുള്ളത്. അതായത് 189സെന്റ് സ്ഥലത്ത് കൃഷി നടന്നിട്ടില്ല. 189സെന്റ് സ്ഥലത്ത് കൃഷി നടത്താതിരുന്നതുമൂലം 75കിലോ നെൽവിത്ത് സംഘത്തിന് അധികം നൽകിയിട്ടുണ്ട് (990/2500x189=75). ആയത് തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കർഷകർ യഥാസമയം രേഖകൾ ഹാജരാക്കാത്തതുമൂലമാണ് ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട സ്റ്റേറ്റ്മെൻറിൽ വിസ്തീർണ്ണത്തിൽ കുറവ് വന്നിട്ടുള്ളതെന്നും കൃഷിചെയ്യാൻ തയ്യാറായിട്ടുള്ള കർഷകർക്കെല്ലാം തന്നെ പാടശേഖരസമതി മുഖാന്തിരം വിത്ത് നൽകുകയും കർഷകർ കൃഷിയിറക്കി വിളവെടുക്കുകയും ചെയ്തിട്ടുണ്ടെന്ന് പറയുന്നു. എന്നാൽ പുഞ്ചപാടം നെല്ല് ഉത്പാദകസമതി സംഘം സെക്രട്ടറി ലഭ്യമാക്കിയ വിതരണ രജിസ്റ്റർ പ്രകാരം 2311 സെന്റിൽ മാത്രമേ കൃഷി നടത്തിയിട്ടുള്ളൂയെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ മേൽ മറുപടി തൃപ്തികരമല്ല. ആയതിനാൽ അധികം നൽകിയ നെൽവിത്തിന്റെ വിലയായ 3000/-(75 x 40)രൂപ പുഞ്ചപാടം നെല്ല് ഉത്പാദകസമതിയിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം കൃഷി ഓഫീസറുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

നെൽകൃഷിക്ക് വിത്ത്, കൂലി ചെലവ് സബ്സിഡി എന്ന പദ്ധതിയ്ക്ക് ധനകാര്യകമ്മീഷൻ വിഹിതമായ 256000/-രൂപയിൽ നിന്ന് 253710/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ് ചെയ്തതായി കാണുന്നില്ല. പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന ഈ പ്രോജക്ടിന് ജില്ലാ പഞ്ചായത്ത് 50% വിഹിതം നൽകേണ്ടതും ആയത് ഗ്രാമപഞ്ചായത്തുകൾ ചെലവ്

ചെയ്യേണ്ടതുമാണ്. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2016-17 വർഷത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തുകയും ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നെങ്കിലും ജില്ലാപഞ്ചായത്ത് ഫണ്ട് ലഭിക്കാത്തതുമൂലം ഗ്രാമപഞ്ചായത്ത് വിഹിതം മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളതെന്ന് മറുപടിയിൽ നൽകിയിട്ടുണ്ട്. മാർഗ്ഗനിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തുകൾ ഇത്തരം പ്രോജക്ട് നടപ്പാക്കുമ്പോൾ ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

## 3-4 വിഷരഹിത വേപ്പില ഗ്രാമം - പദ്ധതി തുക ഉത്പാദനപരമല്ലാത്ത കാര്യങ്ങൾക്ക് വിനിയോഗിച്ചു

പ്രോജക്ട് നം. - 189/17

പ്രോജക്ടിന്റെ പേര് - വിഷരഹിത വേപ്പില ഗ്രാമം

അടങ്കൽ - 3,70,000/-

ചെലവ് - 3,70,000/-

ബിൽ നം. - 6/16-17, തീയതി. 31.3.17

വിഷരഹിത വേപ്പില ഗ്രാമം എന്ന പ്രോജക്ടിനായി 24000 കറിവേപ്പിൻ തൈകൾ വാങ്ങിയതിന് ഒരെണ്ണത്തിന് 15 രൂപനിരക്കിൽ 3,60,000/-രൂപ VFPCK യ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിൽപ്പെടുത്തി നോട്ടീസ് 900/- രൂപ, ചായയും പലഹാരവും - 3000/-രൂപ, ബൊക്കെ – 600/-, കസേര വാടക – 1400/-, വിതരണ സ്റ്റേറ്റ്മെന്റ് - 950/- രൂപ, ഫോട്ടോ - 750/- രൂപ, വണ്ടിക്കൂലിയും ട്രാൻസ്പോർട്ടേഷനും - 2400/- രൂപ എന്നിങ്ങനെയുള്ള ചെലവുകളും നടത്തിയിട്ടുണ്ട്. പദ്ധതി മാർഗ്ഗ നിർദ്ദേശപ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികൾ പ്രോജക്ടിന്റെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല. ഈ ചെലവുകൾ അംഗീകൃത പ്രോജക്ടിലും ഉൾപ്പെടുത്തിയിട്ടില്ല. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാനാശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതുപോലെ ഉത്പാദനോപാദികൾ വിതരണം ചെയ്യുന്നതുകൊണ്ട് മാത്രം ഈ പദ്ധതി നടപ്പാക്കുവാൻ കഴിയില്ലായെന്നും പദ്ധതിയുടെ പ്രചാരം ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി നടത്തിയ ചെലവുകളാണിതെല്ലാമെന്നും മറുപടി നൽകി. 11.01.2016-ലെ ജി.ഒ(എം.എസ്) 4/2016/ത.സ്വ.ഭ.വ മാർഗ്ഗരേഖയിൽ പദ്ധതി ആസൂത്രണ-നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾക്കായി ഇതേ പേരിൽ ഒരു പ്രോജക്ട് ഉൾപ്പെടുത്തണമെന്നും മറ്റു പ്രോജക്ടുകളിൽ തുക വകയിരുത്തുവാനോ ചെലവഴിക്കുവാനോ പാടില്ല എന്നും നിഷ്കർഷിക്കുന്നുണ്ട്. മറുപടി തൃപ്തികരമല്ലാത്തതിനാൽ ഉത്പാദനപരമല്ലാത്ത മേൽ ചെലവുകൾക്ക് വേണ്ടി ചെലവഴിച്ച തുകയായ 10,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും - അധികച്ചെലവ് അനുവദിക്കുന്നില്ല

2016-17 വർഷത്തെ സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും (S0062/17) എന്ന പ്രോജക്ടിനായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നും 458989/- രൂപയുടെ (ചെക്ക് നം. 14510/14.12.16) തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയതായി കാണുന്നു. ഗ്രാമ പഞ്ചായത്തിൽ 150 CFL സ്ഥാപിക്കുന്ന മുറയ്ക്ക് 15000 രൂപ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നും അനുവദിക്കാമെന്ന് അറിയിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നു. ഇത് ഏത് ഇനത്തിലുള്ളതാണെന്ന് വ്യക്തമല്ല. ശ്രീ. ദയാൽ, വിഷ്ണു വിഹാർ ആണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ടിയാൻ 473 തെരുവ് വിളക്കുകളാണ് റിപ്പയർ ചെയ്തിട്ടുള്ളത്. ഒരു ദിവസം 15 എണ്ണം എന്ന കണക്കിൽ 31 ദിവസത്തേക്ക് ടിയാൾക്ക് അനുവദിക്കാവുന്നതുക 21700/- രൂപയാണ്. ഇതിൽനിന്നും യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നും ലഭിച്ച 15000/- രൂപ കിഴിച്ച് അനുവദിക്കാവുന്ന തുക 6700/- രൂപയാണ്. എന്നാൽ ചെക്ക് നം. 25411/31.03.2017 പ്രകാരം 14700/- രൂപ

ശ്രീ. ദയാലിന് നൽകിയിട്ടുണ്ട്. അധികം തുക അനുവദിച്ചത് 27.04.17-ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം സാധൂകരിച്ചിട്ടുണ്ട്. ആകെ റിപ്പയർ ചെയ്ത എണ്ണമായ 473-ൽ നിന്നും 150 CFL കുറവാക്കി 323 എണ്ണത്തിന് ഒരു ദിവസം 15 എന്ന കണക്കിൽ 21 ദിവസം കണക്കാക്കിയാണ് 14700/- രൂപ അനുവദിച്ചിട്ടുള്ളത്. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ 7300/- രൂപ തുക അനുവദിച്ച സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

*മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.*

1. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും വിനിയോഗം കാണിച്ചിട്ടില്ല. തിരികെ ലഭിക്കുന്ന കേടായ സാധനങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് സൂക്ഷിച്ചിട്ടില്ല
2. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
3. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ കാണിക്കുന്ന രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

മേൽവിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടും പ്രോജക്ടിനായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ നൽകുവാൻ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 3-6 സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

2015-16 വർഷത്തെ സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും (S0128/16) എന്ന പ്രോജക്ട് സ്പിൽ ഓവറായി 2016-17 വർഷം നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിനായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നും 336270/- രൂപയുടെ (ചെക്ക് നം. 4901/4.12.15) ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 2016-17 വർഷം ദിവസവേതാടിസ്ഥാനത്തിൽ ഇലക്ട്രീഷ്യന്മാരെ നിയമിച്ചാണ് തെരുവുവിളക്കുകളുടെ പരിപാലനം നടത്തിയിട്ടുള്ളത്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 04.03.2015-ലെ ക്വട്ടേഷൻ പ്രകാരം എസ്.ബാബു, കണ്ണമംഗലം ഇല്ലം, തിരുവമ്പാടി എന്ന വ്യക്തിയെയാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി എൽപ്പിച്ചിരുന്നത്. ടിയാൾ യാതൊരു അറിയിപ്പും കൂടാതെ ജോലിയിൽ നിന്നും വിട്ടുനിന്നതിനാൽ 12.01.2016-ൽ കാരണം കാണിക്കൽ നോട്ടീസ് നൽകി. നിശ്ചിത സമയപരിധിക്കകം മറുപടി ലഭിക്കാത്ത പക്ഷം ഒരു അറിയിപ്പു കൂടാതെ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിനു വിധേയമായി കരാർ റദ്ദ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ടിയാൾ മറുപടി നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാർ പഞ്ചായത്ത് കമ്മറ്റി റദ്ദ് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമല്ല.
2. 16.02.2016-ൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി ടെൻഡർ ക്ഷണിച്ചു. ശ്രീ.അജിത് പ്രസാദ്, ശ്രീ.ചന്ദ്രമോഹനൻ എന്നിവർ ടെൻഡർ സമർപ്പിച്ചു. രണ്ടു ടെൻഡറുകളും പരിഗണിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.
3. 27.05.2016- ലെ പഞ്ചായത്ത് കമ്മറ്റിയുടെ 47-ാം നമ്പർ തീരുമാനപ്രകാരം ദിവസവേതാടിസ്ഥാനത്തിൽ യോഗ്യരായവരെ നിയമിക്കുന്നതിന് തീരുമാനിക്കുകയും ശ്രീ.ചാൾസ്, ചള്ളിച്ചിറ, ശ്രീ. ജോബി എബ്രഹാം, കൊട്ടാരത്തിൽ, ശ്രീ.ദയാൽ. വി.ആർ, വിഷ്ണു വിഹാർ എന്നിവരെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി ദിവസവേതാടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 – ലെ ഉത്തരവ് നം. ജി.2- 44274/2015 പരമാവധി 2 ഇലക്ട്രീഷ്യന്മാരെയാണ് നിയമിക്കാവുന്നത്. ദിവസവേതാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 15 നും 25 നും ഇടയ്ക്ക്

തെരുവിവിളക്കുകൾ മാറ്റി സ്ഥാപിക്കേണ്ടതാണ്. എന്നാൽ ടിയാളുകൾക്ക് ഒരു ദിവസം 15 തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതായി കണക്കാക്കിയാണ് തുക അനുവദിച്ചിട്ടുള്ളത്.

4. 22.03.2017- ലെ KSEB അസിസ്റ്റന്റ് എഞ്ചിനീയറുടെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 14 കോയിൽ 1.5 sq. mm wire അറ്റകുറ്റപ്പണിക്കായി ആകെ ഉപയോഗിച്ചിട്ടുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നും വാങ്ങിയ 3 കോയിൽ wire കൂടാതെ ഗാലക്സി ടെക്നോളജി സൊല്യൂഷൻസിൽ നിന്നും 5 coil, SK Traders- ൽ നിന്നും 4 coil, P V & Sons Limited- ൽ നിന്നും 2 coil എന്നിങ്ങനെ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ട്. കൂടാതെ ചേന്നോത്ത് ലൈറ്റ് ഹൗസിൽ നിന്നും 2.5 sq.mm wire 13 coil 14000 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. KSEB അസി.എഞ്ചിനീയറുടെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ഇത് ഉപയോഗിച്ചിട്ടില്ല. കൂടാതെ SK Traders – ന് 2440 രൂപയ്ക്ക് പകരം 3660/8- രൂപയുടെ വൗച്ചർ എഴുതിയിട്ടുണ്ട്. PV & Sons – ന് തുക നൽകിയതായും കാണുന്നില്ല. ഈ തുകകളെല്ലാം നൽകുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ 29.12.16-ലെ 2-ാം നമ്പർ തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ടെങ്കിലും തുക പിൻവലിച്ചതായി കാണുന്നില്ല.

5. ദിവസവേതാടിസ്ഥാനത്തിൽ ഇലക്ട്രീഷ്യന്മാരെ നിയമിച്ചതിനു ശേഷം എസ്. ബാബുവിന് 53 ട്യൂബ് സെറ്റ്, 120 സെൻസർ ലൈറ്റ്, 100 സി.എഫ്.എൽ എന്നിവ നന്നാക്കിയതിന് പഞ്ചായത്ത് കമ്മറ്റിയുടെ 29.11.2016-ലെ 61-ാം നമ്പർ തീരുമാനപ്രകാരം 42275/- രൂപ നൽകുവാൻ തീരുമാനിച്ചെങ്കിലും സെക്രട്ടറി ഓഫീസ് നോട്ടിൽ സെൻസർ ലൈറ്റിന്റെ റിപ്പയറിംഗിനുള്ള തുക 18000/- രൂപയിൽ (ചെക്ക് നം. 25412/31.03.17) ലിമിറ്റ് ചെയ്താണ് തുക അനുവദിച്ചിട്ടുള്ളത്. അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ വീഴ്ച വരുത്തിയതിനെത്തുടർന്ന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുകയും ചെയ്ത ശേഷം ടിയാൾക്ക് തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. 18000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.സെക്രട്ടറിയുടെ നിർദ്ദേശത്തെ മറികടന്ന് പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തത് സംബന്ധിച്ചും വിശദീകരണം നൽകേണ്ടതാണ്.

6. തെരുവുവിളക്ക് ഉപകരണങ്ങൾ യഥാസ്ഥാനങ്ങളിൽ എത്തിച്ചു നൽകുന്നതിനായി വാഹന ഉടമകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയും 1500/- രൂപ ദിവസക്കൂലി നിരക്കിൽ ശ്രീ. ഉത്തമൻ, തറയിൽ എന്നയാളെ ചാൾസ്, ജോബി എബ്രഹാം എന്നിവരെ സഹായിക്കുന്നതിനും ശ്രീ. സുമേഷ്.എസ്, കിഴക്കേ തറയിൽ ദയാലിനെ സഹായിക്കുന്നതിനും ചുമതലപ്പെടുത്തി (പഞ്ചായത്ത് കമ്മറ്റിയുടെ 8.7.2016-ലെ തീരുമാനം 62). മസ്റ്റർ റോൾ പ്രകാരം ശ്രീ.ചാൾസ് 4.8.16 മുതൽ 16.8.16 വരെയും ( 9.8.16, 14.8.16 ഒഴികെ), ശ്രീ. ദയാൽ 15.7.16 മുതൽ 30.7.16 വരെ യും( 27.7.16 ഒഴികെ), ശ്രീ.ജോബി എബ്രഹാം 17.7.16 മുതൽ 31.7. 16 വരെയുമാണ് ജോലി ചെയ്തിട്ടുള്ളത്. 17.7.16 മുതൽ 30.7.16 വരെ ഒരു വാഹനം ട്രിപ്പ് നടത്തേണ്ട ആവശ്യമേയുള്ളൂ. വിശദീകരണം നൽകേണ്ടതാണ്. അധികച്ചെലവ് 21000/- രൂപ തടസ്സപ്പെടുത്തുന്നു.

7. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ കാണിക്കുന്ന രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

8. 2015-16 വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. തിരികെ ലഭിക്കുന്ന കേടായ സാധനങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് സൂക്ഷിച്ചിട്ടില്ല

9. വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

10. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തെരുവ് വിളക്ക് പരിപാലനത്തിനുള്ള തുക അനുവദിച്ചിട്ടുള്ളത്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 -ലെ ജി2-44274/2015 പൊതുമാർഗ്ഗരേഖ പ്രകാരം വാർഡ് തലത്തിൽ വാർഡ് മെമ്പർ ചെയർമാനായുള്ള മോണിറ്ററിംഗ് സമിതി രൂപീകരിക്കാവുന്നതാണ്. ഓരോ വാർഡുകളിലേയും സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, യൂസർ ഗ്രൂപ്പ് പ്രതിനിധികൾ, റസിഡന്റ് അസോസിയേഷൻ സെക്രട്ടറി/ പ്രസിഡന്റ് എന്നിവർ ഉൾപ്പെടുന്ന കമ്മറ്റി

രൂപീകരിച്ച് മോണിറ്ററിംഗ് കമ്മറ്റിയുടെ റിപ്പോർട്ടുകൾ സമാഹരിച്ച് പ്രവർത്തന പുരോഗതി വിലയിരുത്താവുന്നതാണ്.

മേൽവിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടും പ്രോജക്ടിനായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചെക്ക് നം./ തീയതി സഹിതം നൽകുവാൻ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അപാകങ്ങൾക്ക് വിശദീകരണം/ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-7 ഗിൽനെറ്റും ഡിങ്കിയും - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഗിൽനെറ്റും ഡിങ്കിയും (S0145/17) എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് 500000/- രൂപയും ഗുണഭോക്തൃ വിഹിതം 500000/- രൂപയും ഉൾപ്പെടെ 1000000/- രൂപയാണ് വകയിരുത്തിയിരുന്നത്. ഒരു ഗുണഭോക്താവിന് പദ്ധതിവിഹിതം 12500/- രൂപയും ഗുണഭോക്തൃ വിഹിതം 12500/- രൂപയും ഉൾപ്പെടെ 25000/- രൂപ പ്രകാരം ഗ്രാമസഭ വഴി തെരഞ്ഞെടുത്ത 40 പേർക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. 31.03.2017-ലെ ബിൽ നം. 1/16-17 പ്രകാരം 185000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡിങ്കി വള്ളം നിർമ്മിച്ചു നൽകുന്നതിനായി ടെൻഡർ, റീടെൻഡർ എന്നിവ ക്ഷണിച്ചതിൽ ആരും ടെൻഡറുകൾ സമർപ്പിക്കാതിരുന്നതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് 21000/- രൂപ ക്വാട്ട് ചെയ്ത ശ്രീ. വി.ഇ.ജോൺ, ജോൺ ഇൻഡസ്ട്രീസ് എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. 24 ഡിങ്കികൾ മാർച്ച് 15-നകം നിർമ്മിച്ച് നൽകുവാൻ ആവശ്യപ്പെട്ടാണ് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളത്. കരാറുകാരന്റെ തീയതി വയ്ക്കാത്ത ബിൽ പ്രകാരം ഒരെണ്ണത്തിന് 21000/- രൂപ വീതം 210000/- രൂപയ്ക്ക് 10 ഡിങ്കികൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ഡിങ്കികൾ കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. 40 ഗുണഭോക്താക്കൾ വല കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 10 ഡിങ്കികൾ മാത്രമാണ് പണിതു നൽകിയിട്ടുള്ളത്.
3. 40 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുവാനാണ് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയതെങ്കിലും 41 പേരിൽ നിന്നും 12500/- രൂപ വീതം ഗുണഭോക്തൃ വിഹിതം പിരിച്ചതായി കാണുന്നു. വല വാങ്ങിയിട്ടില്ലാത്ത ശ്രീ. കുഞ്ഞുമണി, കുറ്റാരപ്പള്ളിൽ, കണ്ണങ്കര എന്ന ആളിൽ നിന്നും 12500/- രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടുണ്ട്. ഈ തുക തിരികെ നൽകിയോ എന്നത് വ്യക്തമല്ല.
4. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച 185000/- രൂപയിൽ 80000/- രൂപ വ്യാസ സ്റ്റോറിന്റെയും 105000/- രൂപ കരാറുകാരന്റെയും അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
5. ഗുണഭോക്തൃവിഹിതമായ 185000/- രൂപയും വ്യാസ സ്റ്റോറിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകി. മത്സ്യഫെഡ് ഡിസ്ട്രിക്ട് മാനേജരുടെ ഉത്തരവ് പ്രകാരം 105000/- രൂപ ശ്രീ. വി. ഇ. ജോണിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ടിയാൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
6. 31.03.2017 – ൽ ട്രഷറിയിൽ നിന്നും തുക പിൻവലിച്ചെങ്കിലും പല ഗുണഭോക്താക്കളും വ്യാസ സ്റ്റോറിൽ നിന്നും വല വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടുള്ളത് അടുത്ത സാമ്പത്തിക വർഷമാണ്. തുക മുൻകൂറായി പിൻവലിച്ചതിന് വിശദീകരണം നല്കേണ്ടതാണ്.

ഉദാ:-

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക | ഇൻവോയ്സ് നം./തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ലതാ രമേശൻ, ഇന്ദീവരം | 4000 | ART/GST/00093/07.08.2017 |
| 2 | രാജു കേശവൻ, കാവിളിശ്ശേരിൽ | 4000 | ART/GST/00087/07.08.2017 |
| 3 | മനോഹരൻ പ്രഭാകരൻ, വിളങ്ങാട്ടുശ്ശേരി | 4000 | ART/GST/00089/07.08.2017 |
| 4 | സുരേഷ് സുരേന്ദ്രൻ,വടക്കേ മണ്ണാന്തറ | 4000 | ART/GST/00092/07.08.2017 |

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് 10.08.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 8-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ 185000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ബിറ്റുമിന്റെ മാർക്കറ്റ് റേറ്റ് വില വ്യത്യാസം കുറവ് ചെയ്തില്ല- അധികച്ചെലവ്

വടക്കേകരി ബൈറോഡ് മെറ്റലിംഗും ടാറിംഗും വാർഡ് 23 (പ്രോ. നം. 194/16) എന്ന പ്രോജക്ട് 2016-17 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ടാറിംഗ് പ്രവൃത്തിയിൽ ടാറിന്റെ (Bitumen VG – 10) വില താഴെ പറയും പ്രകാരമാണ് നിശ്ചയിച്ചത്.

| | |
|---|---|
| ടാർ വില (ടണ്ണിന്) | 50600.00 |
| കാര്യേജ് | 106.49 |
| ആകെ | 50706.49 |
| കോസ്റ്റ് ഇന്റക്സ് (1.4571) സഹിതം | 73884.43/Tonne=73.88രൂപ/kg |

എന്നാൽ പ്രസ്തുത വർഷം പ്രവൃത്തി നിർവ്വഹിച്ച ഗുണഭോക്തൃ സമിതിയ്ക്ക് ഇതിലും വളരെ കുറഞ്ഞ നിരക്കിലാണ് ടാർ ലഭിച്ചിട്ടുള്ളത്. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തപ്പെടുന്ന വേലകളിൽ യഥാർത്ഥ ചെലവു തുകയിൽ അധികം വരുന്ന ബിൽ തുക നല്കേണ്ടതില്ല. ഗുണഭോക്തൃ സമിതികൾ സമർപ്പിക്കുന്ന കണക്കുകളിൽ ടാറിന്റെ വിലയ്ക്ക് മാത്രമാണ് ആധികാരിക രേഖയുള്ളത്. യഥാർത്ഥ ബില്ല് പ്രകാരമുള്ള ടാർ വിലയിൽ അധികമായ തുക ഈയിനത്തിൽ ഗുണഭോക്തൃ സമിതിക്ക് നൽകേണ്ടതില്ല.

DSR-2014 പ്രകാരമുള്ള ടാർ വിലയും മാർക്കറ്റ് വിലയും തമ്മിൽ ഭീമമായ വ്യത്യാസം നിലനില്ക്കുന്നതിനാൽ ടാറിന്റെ യഥാർത്ഥ വിലയിൽ കവിഞ്ഞ് വരുന്ന വർക്ക് ബില്ലുകളിൽ ടാർ വിലയിനത്തിൽ കണക്കാക്കിയ തുക കുറവു ചെയ്തു മാത്രമേ ഫൈനൽ ബിൽ നല്കാമായിരുന്നുള്ളൂ. എന്നാൽ ഗ്രാമ പഞ്ചായത്തിൽ DSR നിരക്കിൽ തയ്യാറാക്കിയ പ്രസ്തുത ടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഇപ്രകാരം കുറവു വരുത്താതിരുന്നതു മൂലം കൺവീനർക്ക് അധിക തുക നല്കാനിടയായി.

6 ബാരൽ ടാറിന് (970.8 കി.ഗ്രാം) കേരള സിഡ്കോയുടെ ഇൻവോയ്സ് നം. 15969/17.03.16 പ്രകാരമുള്ള തുക 30383/- രൂപയാണ്. അതായത് ഒരു കി.ഗ്രാം ടാർ 31.30 രൂപയ്ക്ക് കൺവീനർക്ക് ലഭിച്ചിട്ടുണ്ട്.

നിരക്കിലെ വ്യത്യാസം (അധികം ) - > 73.88- 31.30 =42.58 /kg

| | |
|---|---|
| പ്രോജക്ട് വിശദാംശം | പ്രോജക്ട് നം. 194/16<br>(വടക്കേകരി ബൈറോഡ് മെറ്റലിംഗും ടാറിംഗും വാർഡ് -23)<br>അടങ്കൽ - 3,44,000/- (2,50,000/-<br>(മെ.ഫ.റോഡ്)+ 94000/- (ത.ഫ)) |
| കൺവീനറുടെ പേര് | ശ്രീ. ടോമി. വി.ജെ. |

| | |
|---|---|
| ടാറിംഗ്ചെയ്ത വിസ്തീർണം /അളവു പുസ്തകം | 291 എം$^2$, 160/2015-16 |
| ആവശ്യമായ ബിറ്റുമിൻ (കി.ഗ്രാം) | 922.47 കി.ഗ്രാം (291x3.17)<br>(Usage of Bitumen as per MBook<br>tack Coat- 218.25kg ( P No. 17 of MB)<br>2 cm Premix Carpet-419.04kg( P No.18)<br>Seal coat- 285.18kg (P No. 19)<br>Total- 922.47 kg) |
| ബിറ്റുമിന് (161.8kg VG10 ബാരലിന്) കൺവീനർക്ക് ചെലവായ തുക | 922.47x31.30/kg=28873/- രൂപ |
| അധികം നൽകാനിടയായ തുക | 922.47x42.58/kg=39,278.77/- രൂപ |
| മറ്റ് വിവരങ്ങൾ | സ്പിൽ ഓവർ പ്രോജക്ട് നം. – 88/17<br>അടങ്കൽ - 3,44,000/-<br>(2,50,000/- (മെ.ഫ. റോഡ്) + 94000/- (ത.ഫ))<br>ചെലവ് - 3,40,932/-<br>(ബിൽ നം. – 04/2016-17 തീയതി : 20.10.16 - 2,50,000/-<br>ചെക്ക് നം. – 169763/07.10.2016- 90,932/-)<br>കരാർ നം. – 50/AE/TKM/15-16 തീ:24.11.15<br>പ്രവൃത്തി മൂല്യം : 3,21,634/-<br>നികുതി, മറ്റ് കിഴിവുകൾ - 16082+3216<br>കൺവീനർക്ക് നൽകിയ തുക – 3,18,418/-<br>( Page No. 37 of MB) |

എന്നാൽ ടാറിന്റെ വില വ്യത്യാസം ഇനത്തിൽ യാതൊരു തുകയും ഫൈനൽ ബില്ലിൽ കുറവു ചെയ്യാതിരുന്നതു മൂലം 39,279/-രൂപ കൺവീനർക്ക് അധികം നല്കാനിടയായി. അപാകതയിന്മേൽ വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (18/16.08.17) ന് ലഭിച്ച മറുപടിയിൽ മാർക്കറ്റ് റേറ്റടിസ്ഥാനത്തിലുള്ള മറ്റ് കംപോണന്റ്സിന്റെ വില കണക്കാക്കുമ്പോൾ ഗുണഭോക്തൃ സമിതിയുടെ ആകെ ചെലവ് അനുവദിച്ച തുകയേക്കാൾ കൂടുതൽ വരുമെന്നതിനാൽ ടി നിരക്ക് അനുവദിക്കാവുന്നതാണെന്നാണ്. ടി മറുപടി അപാകതയെ സാധൂകരിക്കാത്തതിനാൽ അധിക ചെലവ് തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-9 സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള ചുറ്റുമതിൽ നിർമ്മാണം- അധിക നിരക്ക് അംഗീകരിക്കുന്നില്ല

ബസ് സ്റ്റാൻഡിന് അടിസ്ഥാന സൗകര്യം ഒരുക്കൽ എന്ന പ്രോജക്ട് മുഖേന ചുറ്റുമതിൽ സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് നിർമ്മിക്കുന്ന പ്രവൃത്തിയ്ക്ക് അധിക നിരക്ക് അനുവദിച്ചതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. - 171/16 (ബസ് സ്റ്റാൻഡിന് അടിസ്ഥാന സൗകര്യം തയ്യാറാക്കൽ)

അടങ്കൽ : 28,33,000/- (വി.ഫ.-ലോക ബാങ്ക്)

സ്പിൽഓവർ പ്രോജക്ട് നം. - 85/17

അടങ്കൽ : 1994024/- (വി.ഫ.- 1625000/-; ത.ഫ.- 369024)

ചെലവ് : 13,14781/- (വി.ഫ. -1150785/- (ബിൽ നം. 20/16-17/18.01.17)

ബസ് സ്റ്റാൻഡിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് ചുറ്റുമതിൽ സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് നിർമ്മിക്കുന്ന പ്രവൃത്തിയ്ക്ക് താഴെ പറയുന്ന നിരക്കാണ് അനുവദിച്ചിരിക്കുന്നത് (2014 DSR with Cost Index 1.4571 ).

| | | | | | | |
|---|---|---|---|---|---|---|
| | | | Solid block masonry using pre cast solid blocks (Factory made) of size 30x20x15cm or nearest available size confirming to IS 2185 part I of 1979 for Super structure upto floor two level with thickness 15cm in: CM 1:6 (1 cement : 6 coarse sand) etc complete | | | |
| | | | MATERIALS : | | | |
| 103.0000 | Nos | MR4 | Solid blocks of size 30x20x15cm | E | 30.00 | 3090.00 |
| 0.0900 | | 3.011 | Cement mortar 1:6 (1 cement : 6 coarse | cum | 3340.75 | 300.67 |
| 2.7300 | | 9999 | Sundries | L.S. | 1.78 | 4.86 |
| | | | LABOUR: | | | |
| 0.5300 | Nos | 123 | Mason 1st Class | Day | 435.00 | 230.55 |
| 0.5300 | Nos | 124 | Mason IInd Class | Day | 399.00 | 211.47 |
| 1.9000 | Nos | 115 | Coolie | Day | 329.00 | 625.1 |
| 0.4500 | Nos. | 101 | Bhishti | Day | 363.00 | 163.35 |
| 22.36 | | 9999 | Scaffolding | L.S | 1.78 | 39.8 |
| | | | Total | | | 4665.8 |
| | | | Market Rate cost | | | 3090.00 |
| | | | Add water charges 1% on MR | | | 30.96 |
| | | | Net Total ( A) | | | 3120.96 |
| | | | Total excluding Market rate | | | 1575.8 |
| | | | Add water charges 1% on this | | | 15.76 |

| | | | | | | |
|---|---|---|---|---|---|---|
| | | | Net Total (B) | | | 1591.56 |
| | | | Total A + 1.4571 B | | | 5439.8 |
| | | | Add CPOH 15% | | | 815.97 |
| | | | Total | | | 6255.77 |
| | | | Say Rs. 6255.95/$m^3$ | | | |

എന്നാൽ പ്രസ്തുത നിരക്കിൽ സ്കാഫോൾഡിംഗം ആയതിന്റെ ലേബർ കമ്പോണന്റും ഉൾപ്പെടുത്തിയാണ് അപ്പൻഡിക്സ് എ- എസ്റ്റിമേറ്റിനം 6-ആയി ടി പ്രവൃത്തിയ്ക്ക് റേറ്റ് കണക്കാക്കിയിട്ടുള്ളത്. അളവ് പുസ്തകം നം. 291/2015-16 പേജ് നം. 11 പ്രകാരം (എസ്റ്റിമേറ്റിനം 6) ചുറ്റമതിലിന്റെ പൊക്കം കേവലം 1.50 മീറ്റർ മാത്രമായിരിക്കേ സ്കാഫോൾഡിംഗം ആയതിന്റെ ലേബർ കമ്പോണന്റും ഉൾപ്പെടുത്തേണ്ട ആവശ്യമില്ലാത്തതാണ്. ആയതിനാൽ ടി പ്രവൃത്തിയ്ക്ക് അർഹമായ നിരക്ക് താഴെ കൊടുക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|
| | | | Solid block masonry using pre cast solid blocks (Factory made) of size 30x20x15cm or nearest available size confirming to IS 2185 part I of 1979 for foundation and plinth with thickness 15cm in: CM 1:6 (1 cement : 6 coarse sand) etc complete | | | |
| | | | MATERIALS : | | | |
| 103.0000 | Nos | MR4 | Solid blocks of size 30x20x15cm | E | 32.00 | 3090.00 |
| 0.0900 | | 3.011 | Cement mortar 1:6 (1 cement : 6 coarse | cum | 3340.75 | 300.67 |
| 2.7300 | | 9999 | Sundries | L.S. | 1.78 | 4.86 |
| | | | LABOUR: | | | |
| 0.4000 | Nos | 123 | Mason 1st Class | Day | 435.00 | 174.00 |
| 0.4000 | Nos | 124 | Mason IInd Class | Day | 399.00 | 159.60 |
| 1.4600 | Nos | 115 | Coolie | Day | 329.00 | 480.34 |
| 0.4500 | Nos. | 101 | Bhishti | Day | 363.00 | 163.35 |
| | | | Total | | | 4372.82 |
| | | | Market Rate cost | | | 3090.00 |
| | | | Add water charges 1% on MR | | | 30.90 |

| | | | | | | |
|---|---|---|---|---|---|---|
| | | | Net Total ( A) | | | 3120.90 |
| | | | Total excluding Market rate | | | 1282.82 |
| | | | Add water charges 1% on this | | | 12.83 |
| | | | Net Total (B) | | | 1295.65 |
| | | | Total A + 1.4571 B | | | 5008.79 |
| | | | Add CPOH 15% | | | 751.32 |
| | | | Total | | | 5760.11 |
| | | | Say Rs 5760.11/$m^3$ | | | |

ഇപ്രകാരം രണ്ടാം പാർട്ട് ബില്ലിൽ 41.40എം3 ന് 6255.95/- എം$^3$ എന്ന നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. (അളവ് പുസ്തകം നം. 291/15-16 പേജ് നം. 18,72) .

നിരക്കിലെ വ്യത്യാസം = 495.84/എം$^3$ (6255.95-5760.11)

അധികം നൽകിയത് = 41.40 എം$^3$ x 495.84 =20527.78

(-)ടെണ്ടർ കിഴിവ് - (12.99% ) = 2666.56

---------------------------------------

= 17861/- രൂപ

================

തയാറാക്കിയ മൂന്നാം പാർട്ട് & ഫൈനൽ ബില്ല് പ്രകാരം 2.97 എം$^3$ നും (അളവ് പുസ്തകം നം. 215/15-16 പേജ് നം. 05) അധിക നിരക്കിൽ തുക കണക്കാക്കിയിട്ടുണ്ട്. ഇത് ക്രമീകരിക്കേണ്ടതാണ്.

അപാകതയിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 05/14.08.17) ലഭിച്ച മറുപടിയിൽ ടി നിരക്ക് പി.ഡബ്ല്യൂ.ഡി അംഗീകരിച്ച നിരക്കാണെന്നും ചുറ്റുമതിലിന്റെ ഫൗണ്ടേഷനും പ്ലിന്തിനും മുകളിലുള്ള സൂപ്പർ സ്ട്രക്ച്ചർ നിർമ്മാണത്തിനാണ് ടി നിരക്ക് നൽകിയിരിക്കുന്നതുമെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ സ്കാഫോൾഡിംഗ് ആവശ്യമില്ലാത്ത കേവലം 1.50 മീറ്റർ പൊക്കത്തിലുള്ള നിർമ്മാണത്തിന് ഈ നിരക്ക് നൽകാം എന്ന പ്രസ്തുത മറുപടി അപാകതയെ സാധൂകരിക്കാത്തതിനാൽ അധികം അനുവദിച്ച തുക 17,861/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മറ്റ് വിവരങ്ങൾ

പ്രവൃത്തി മൂല്യം – 27,91,629/-

ടെണ്ടർ കിഴിവ് 12.99% – 3,62,633/

ആകെ പ്രവൃത്തി മൂല്യം – 24,28,996/-

കരാറുകാരൻ – സൂരജ് രാജേന്ദ്രൻ

കരാർ നം. – 54/AE/TKM/15-16/18.12.15

അളവ് പുസ്തകങ്ങൾ

I) 291/15-16, (II) 184/15-16, (III) 215/15-16, (IV) 06/16-17

## 3-10 മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

1. ആയുർവേദ ആശുപത്രിക്ക് മരുന്ന് പ്രോജക്ട് നം.S0061/17

ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങുന്നതിനായി 27.01.2017-ലെ ബിൽ നം. 55/16-17 പ്രകാരം 500000/- രൂപ പിൻവലിച്ച് ഔഷധിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകി. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

എ) മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

| ക്രമ നം. | ഇൻവോയ്സ് നം. | കൈപ്പറ്റിയ തീയതി | ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകളുടെ വില |
|---|---|---|---|
| 1 | 2253/28.02.2017 | 14.03.2017 | 128085 |
| 2 | 2662/31.03.2017 | 11.04.2017 | 127405 |
| 3 | 90019421/24.05.2017 | 28.05.2017 | 127494 |
| 4 | 90022022/19.06.2017 | 26.06.2017 | 50925 |
| | ആകെ | | 433909 |

ഇൻവോയ്സ് നം. 2253/28.02.2017 – ൽ ക്രമ നം. 8 ആയി ഉൾപ്പെട്ട Jadamayadhilepa Choornam 200 gm 180 എണ്ണം @ 81/- 14580/- രൂപയുടെ മരുന്നുകൾ ഉൾപ്പെടെ ആകെ 80671/- (66091+14580) രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ ഉടനെ ലഭ്യമാക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. 80671/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി) 11.01.2016- ലെ ജി.ഒ.(എം.എസ്) 4/2016 സബ്സിഡി മാർഗ്ഗരേഖ പ്രകാരം മരുന്നുവാങ്ങുന്നതിനു മുമ്പായി ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സ്രട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം. എന്നാൽ നോൺ അവൈലബിലിറ്റി സ്രട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. നോൺ അവൈലബിലിറ്റി സ്രട്ടിഫിക്കറ്റിനായി 22.02.2016-ൽ അപേക്ഷ നൽകിയതിന്റെ പകർപ്പാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

2. സമഗ്ര ആരോഗ്യപദ്ധതി വൃദ്ധജനങ്ങൾക്ക് S041/17

വൃദ്ധജനങ്ങൾക്ക് സമഗ്ര ആരോഗ്യപദ്ധതി നടത്തുന്നതിനായി 27.01.2017-ലെ ബിൽ നം. 56/16-17 പ്രകാരം 200000/- രൂപ പിൻവലിച്ച് ഔഷധിക്ക് ട്രാൻസ്ഫർ ചെയ്ത് നൽകി. പ്രോജക്ട് നിർവ്വഹണത്തിനായി ഗ്രാമസഭ വഴി തെരഞ്ഞെടുത്ത 549 ഗുണഭോക്താകളുടെ ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായും ലഭിക്കാത്തതിനാൽ വൃദ്ധജനങ്ങളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കിയിട്ടുള്ള ഈ പ്രോജക്ട് ലക്ഷ്യപ്രാപ്തി നേടിയിട്ടില്ല. ലഭിച്ച മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | കൈപ്പറ്റിയ തീയതി | ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകളുടെ വില |
|---|---|---|---|
| 1 | 2252/28.02.2017 | 14.03.2017 | 75129 |
| 2 | 90019416/24.05.2017 | 28.05.2017 | 56745 |
| 3 | 90022049/19.06.2017 | - | 18247 |
| | ആകെ | | 150121 |

150121/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. 49879/- രൂപയുടെ മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല.

11.01.2016- ലെ ജി.ഒ.(എം.എസ്) 4/2016 സബ്സിഡി മാർഗ്ഗരേഖ പ്രകാരം മരുന്നുവാങ്ങുന്നതിനു മുമ്പായി ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സ്രട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം. എന്നാൽ നോൺ അവൈലബിലിറ്റി സ്രട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. നോൺ അവൈലബിലിറ്റി സ്രട്ടിഫിക്കറ്റിനായി 22.02.2016-ൽ അപേക്ഷ നൽകിയതിന്റെ പകർപ്പാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

ലഭിച്ച മരുന്നുകളുടെ വിനിയോഗം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പൂർണ്ണമായും മരുന്നുകൾ ലഭ്യമായാൽ മാത്രമേ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് മരുന്നുകൾ നൽകാൻ കഴിയൂ എന്നും ലഭിച്ച മരുന്നുകൾ വിനിയോഗിച്ചിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. വൃദ്ധജനങ്ങൾക്കായി ആവിഷ്കരിച്ച സമഗ്ര ആരോഗ്യപദ്ധതി മരുന്നുകൾ ലഭ്യമാകാത്തതുമൂലം വൈകുന്ന സ്ഥിതിയാണുള്ളത്. മരുന്നുകൾ ലഭ്യമാക്കുന്നതിനും പ്രോജക്ടിന്റെ ആനുകൂല്യം അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങുന്നതിനായി (പ്രോജക്ട് നം. S0049 /17) 30.12.2016-ൽ ബിൽ നം. 1/2016-17 പ്രകാരം 200000/- രൂപ പിൻവലിച്ച് മുൻകൂറായി ഹോംകോയ്ക്ക് നൽകി. എന്നാൽ ഇൻവോയ്സ് നം. LF-66/10.05.2017 പ്രകാരം 105475/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ശേഷിക്കുന്ന 94525/- രൂപയുടെ മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ 09.08.2017-ൽ നൽകിയ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഉടൻതന്നെ പൂർണ്ണമായ തുകയ്ക്കുള്ള മരുന്ന് കിട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. 94525/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 തുക മുൻകൂറായി നൽകി - മരുന്നുകൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ തണ്ണീർമുക്കം നിർവ്വഹണം നടത്തിയ 'പകർച്ചവ്യാധി നിയന്ത്രണം' (പ്രോജക്ട് നം. S0135/17) പദ്ധതിയുമായി ബന്ധപ്പെട്ട് 105988/-രൂപ (ചെക്ക് നം. 0169786/ 25.03.2017) കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭിച്ചിട്ടില്ല. കൂടാതെ 'സാന്ത്വനം' (പ്രോജക്ട് നം. S0123/17) പദ്ധതിയുമായി ബന്ധപ്പെട്ട് 235439/-രൂപ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. ഇതിൽ 230761/- രൂപ 31.3.17 ന് ഓൺലൈൻ ട്രാൻസ്ഫറിലൂടെയും 4680/- രൂപ 19.4.17 ൽ ഡിഡി മുഖേനയുമാണ് (DD No. 90001216/19.4.17) KMCL ന് നല്കിയിട്ടുള്ളത്. എന്നാൽ മരുന്നുകൾ ലഭിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ആഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് ലഭിക്കുന്നതിനായി സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്ന് ലഭിച്ചാലുടൻ ഓഡിറ്റിൽ അറിയിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെയായും മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ലാത്തതിനാൽ ലഭിക്കാനുള്ള മരുന്നിനായി മുൻകൂറടച്ച 341427/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-13 സേവന നികുതി ബാധകമായ കരാർ പ്രവൃത്തികളിൽ നിന്നും സേവന നികുതി ഈടാക്കിയില്ല

2006-ലെ സർവ്വീസ് ടാക്സ് റൂൾസ് (ഡിറ്റർമിനേഷൻ ഓഫ് വാല്യൂ); 2012-ലെ രണ്ടാം ഭേദഗതിപ്രകാരം കരാറുകാരിൽ നിന്ന് ഒറിജിനൽ പ്രവൃത്തികൾക്ക് പ്രവൃത്തി മൂല്യത്തിന്റെ 40% ന്റെ പകുതി സേവന നികുതിയും

(മറുപകുതി സ്ഥാപനം വഹിക്കേണ്ടതാണ്) മറ്റുള്ള പ്രവൃത്തികൾക്ക് (including repair, maintenance,plastering of immovable property etc.,) പ്രവൃത്തി മൂല്യത്തിന്റെ 70%-ന്റെ സേവനനികുതി (അതാത് സമയം പ്രാബല്യത്തിലുള്ള നിരക്കിൽ ) ഈടാക്കേണ്ടതാണ്. 2015-16-മുതലുള്ള പ്രവൃത്തികൾക്ക് ഇത് ബാധകമാണ് . എന്നാൽ തൻവർഷം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ (സേവന നികുതി ബാധകമായിട്ടുള്ള ) നിന്ന് നിയമാനുസൃതമുള്ള സേവന നികുതി (from 1st June 2015 to 14th Nov 2015 -14%; from 15th Nov 2015 to 31st May 2016 – 14.5%; From June 2016 onwards- 15%) ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തി മൂല്യം | ബിൽ നം. / തുക | കരാറുകാരന്റെ പേര്/ കരാർ നം./തീയതി |
|---|---|---|---|---|
| 1 | ബസ് സ്റ്റാൻഡിന് അടിസ്ഥാന സൌകര്യം തയ്യാറാക്കൽ<br>പ്രോ നം. – 85/17<br>അടങ്കൽ-<br>പ്രോ നം. 171/16<br>(ബസ് സ്റ്റാൻഡിന് അടിസ്ഥാന സൗകര്യം തയ്യാറാക്കൽ)<br>അടങ്കൽ : 28,33,000/-<br>(വി.ഫ.-ലോക ബാങ്ക്)<br>സ്പിൽഓവർ പ്രോ നം. – 104/17<br>അടങ്കൽ : 1994024/-<br>(വി.ഫ.- 1625000/-;<br>ത.ഫ.- 369024) | ആകെ 24,28,996/-<br>(ടെണ്ടർ കിഴിവ് 12.99% ഉൾപ്പെടെ )<br>CC 1st & part Bill – 932195/- (M B No 291/15-16<br>P No.19,20)<br>CC 2nd & part Bill – 1057566/-(M B No 291/15-189/2015-16<br>P No.5,6)<br>CC 3rd & Final Bill- 439235/- (M B No 291/15-189/2015-16<br>P No. 5, 6) | ലഭ്യമല്ല<br>ബിൽ നം. 20/16-17 /18.01.17- 1150785/-<br>ലഭ്യമല്ല | സൂരജ് രാജേന്ദ്രൻ<br>55/AE/TKM/ 15-16/<br>18-12-2015 |
| 2 | വെള്ളിയാകുളം ഗവ. യുപിഎസ് പുനരുദ്ധാരണം- വാർഡ് 2<br>പ്രോ നം. – 115/16<br>അടങ്കൽ- 754589 (MF Non Road)<br>സ്പിൽ ഓവർ പ്രോ. നം. – 77/16<br>അടങ്കൽ – 325014 (MF Non Road) | 657991/-<br>(ടെണ്ടർ കിഴിവ് 5.2% ഉൾപ്പെടെ )<br>CC 1st & part Bill – 429575/- (M B No. 162/15-16<br>P No. 34, 35)<br>CC 2nd & part Bill – | ലഭ്യമല്ല<br>ബിൽ നം. 05/16-17/ 25.10.16 | ശക്തി പ്രസാദ്<br>53/AE/TKM/ 15-16/<br>18-12-2015 |

| | | | | |
|---|---|---|---|---|
| | | 228416<br>M B No. 144/15-16<br>P No. 13,14) | | |
| 3 | മരുത്തോർവട്ടം ഗവ എൽ.പി.എസ് പാചകപ്പുര നിർമ്മാണം- വാർഡ് 18<br>പ്രോ നം. – 142/17<br>അടങ്കൽ - 2,80,000 (MF Non Road) | 216649/- (ടെണ്ടർ കിഴിവ് 19.01 % ഉൾപ്പെടെ)<br>CC 1st & final bill- 216649/-(MB No. 17/16-17, P No. 47, 48) | ബിൽ നം. 48/16-17/<br>28.02.17 | സജിമോൻ പി.എസ്. 39/AE/TKM/ 16-17/ 31-12-2016 |
| 4 | ഭിന്ന ശേഷി ഉള്ള കുട്ടികൾക്കുള്ള പരിശീലന കേന്ദ്രം- വാർഡ് 12<br>പ്രോ. നം. – 78/17<br>അടങ്കൽ-7 ലക്ഷം (6 ലക്ഷം- എക്സ്റ്റേണലി എയിഡഡ് പരിപാടി, ത.ഫ- 1 ലക്ഷം ) | 662246/- (ടെണ്ടർ കിഴിവ് 1.61% ഉൾപ്പെടെ)<br>CC 1st & final bill- 662246/- (MB No. 294/16-17, P.No.52,53) | ലഭ്യമല്ല. | പി. രാജേന്ദ്രൻ<br>65/AE/TKM/ 15-16/<br>26-02-16 |
| 5 | 70-ാം നമ്പർ അങ്കണവാടി പുനരുദ്ധാരണം<br>പ്രോ നം. – 151/17<br>അടങ്കൽ- 2,30,000/- (MF Non Road) | 174276/- | ബിൽ നം. 50/16-17/<br>30.03.17 | വി.എസ്. ശ്രീകുമാർ<br>37/AE/TKM/ 16-17/<br>27-12-16 |

സേവന നികുതി ക്രമ പ്രകാരം ഈടാക്കി ഒടുക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-14 പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയിട്ടില്ല

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി നിശ്ചിത ശതമാനം പിഴ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികമാകാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് ഓരോ ആഴ്ചയും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കേണ്ടതുമാണ്.( Liquidated damage)

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച/ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കാത്ത താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ ഇപ്രകാരം പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടതായി കാണുന്നില്ല.

*വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.*

| കരാർനം, കരാറുകാരൻ, പ്രോജക്റ്റിന്റെ പേര് വിവരം, എഗ്രീഡ് പി.എ.സി., എം.ബുക്ക് നം | കരാർ പ്രകാരം /ടെണ്ടർ നോട്ടീസ് (ഫോം നം. 83 (e-GPP Notice)) പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കിയ പിഴ |
|---|---|---|---|
| 54/AE/15-16/ 18.12.15<br>സൂരജ് രാജേന്ദ്രൻ<br>171/16 (ബസ് സ്റ്റാൻഡിന് അടിസ്ഥാന സൗകര്യം തയ്യാറാക്കൽ)<br>(28,33,000/-രൂ.)<br>(ലോക ബാങ്ക് ധന സഹായം)<br>സ്പിൽ ഓവർ പ്രോ.നം. – 85/17<br>അടങ്കൽ: 1994024/-(വി.ഫ.- 1625000/-; ത.ഫ.- 369024)<br>എഗ്രീഡ് പി.എ.സി.- 24,64,993/-(ടെണ്ടർ കിഴിവ് 12.99%)<br>(MB No. 291/15-16, 184/15-16, 215/ 15-16 & 06/2016-17) | 6മാസം.<br>കരാറിൽ പൂർത്തീകരണ തീയതി 18.06.2016 എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. | 30.12.2016<br>(CC 3rd & Final Bill,- തുക നൽകിയിട്ടില്ല.)<br>MB No.184/ 2015-16 Pno.35) | ഇല്ല. |
| 55/AE/15-16/ 18.12.15<br>സൂരജ് രാജേന്ദ്രൻ<br>പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം (S0 170/16)<br>അടങ്കൽ– 20 ലക്ഷം( വി.ഫ. ലോക ബാങ്ക് - 1970000;<br>ത.ഫ. 3000)<br>സ്പിൽഓവർ പ്രോ നം. 84/17<br>അടങ്കൽ – 1761659/- (വി.ഫ. ലോക ബാങ്ക്- 1641000; ത.ഫ.-120659)<br>എഗ്രീഡ് പി.എ.സി.-18,80,200/-(5.99% ടെണ്ടർ കിഴിവ് )<br>(MB No. 293/2015-16,295/2015-16) | 6മാസം.<br>കരാറിൽ പൂർത്തീകരണ തീയതി 18.06.2016 എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. | പൂർത്തീകരിച്ചിട്ടില്ല. | ഇല്ല.<br>. |
| 66/AE/TKM/15-16 തീ:01.03.2016<br>എ.ജി. ആന്റണി<br>119/16 കുടുംബശ്രീ കോൺഫറൻസ് ഹാൾ നിർമ്മാണം- വാർഡ് 6<br>അടങ്കൽ : 14,90,000/-(സി.ഡി.എസ്. വിഹിതം- 12,90,000/-; ത.ഫ : 2,00,000/-)<br>സ്പിൽഓവർ പ്രോ നം. 79/17<br>അടങ്കൽ : 14,90,000/-<br>(സി.ഡി.എസ്. വിഹിതം - 12,90,000/-;<br>ത.ഫ : 2,00,000/-)<br>എഗ്രീഡ് പി.എ.സി. – 14,52,750/- (2.5% ടെണ്ടർ കിഴിവ്)<br>(MB No.174/2015-16,181/15-16) | 9 മാസം (e-GP Notice) 01/12/2016 | പൂർത്തീകരിച്ചിട്ടില്ല. | ഇല്ല |

മേൽ പ്രവൃത്തികളിൽ നിന്നും കാല താമസത്തിനുള്ള പിഴ ഈടാക്കി ആയത് പ്രകാരം ഫൈനൽ ബിൽ ക്രമീകരിക്കേണ്ടതാണ്.പിഴ ഈടാക്കിയതിന്റെ ഒടുക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## **3-15** ബസ് സ്റ്റാൻഡിന് അടിസ്ഥാന സൗകര്യം തയ്യാറാക്കൽ– നിർവ്വഹണത്തിലെ ന്യൂനതകൾ

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് ബസ് സ്റ്റാൻഡിന് അടിസ്ഥാന സൗകര്യം തയാറാക്കുന്നതിനായി 28,33,000/- രൂപ അടങ്കലിൽ 2015-16 വർഷം അംഗീകാരം വാങ്ങിയ പദ്ധതി 2016-17 വർഷം സ്പിൽ

ഓവറായി നടപ്പിലാക്കിയിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് :ബസ് സ്റ്റാൻഡിന് അടിസ്ഥാന സൌകര്യം തയ്യാറാക്കൽ

സ്പിൽ ഓവർ പ്രോ നം. : 85/17

അടങ്കൽ : 1994024/- (വി.ഫ.- 1625000/-; ത.ഫ.- 369024)

1. പദ്ധതി നിർവ്വണത്തിനായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ 3 ടെണ്ടറുകൾ ലഭിച്ചതിൽ (EMD 5250/- ; EMD 70825/-) അടങ്കൽ തുകയുടെ 12.99% കുറച്ച് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സൂരജ് രാജേന്ദ്രൻ എന്ന കരാറുകാരനുമായി 18.12.2015 ൽ കരാറിൽ ഏർപ്പെട്ട് ടി തീയതിൽ തന്നെ കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്.പ്രോജക്ട് പരിശോധിച്ചതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.
   10.02.2016-ലെ 31(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം 171/16 എന്ന ടി പ്രോജക്ട് അടങ്കൽ തുകയിൽ മാറ്റം വരുത്താതെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചത് 202.2017-ലാണ്. (TS No. 79/EE/LSGD/15-16/23.02.2017). കാലതാമസത്തിന്റെ കാരണം വ്യക്തമല്ല.
2. പാർട്ട് ബില്ലുകളിൽ നിന്നും റീടെൻഷൻ തുക ഈടാക്കിയിട്ടുള്ളതും തിരികെ നൽകിയതും ക്രമ പ്രകാരമല്ല. ഒന്നാം പാർട്ട് ബില്ലിൽ നിന്നും വസൂലാക്കിയ റീടെൻഷൻ തുകയായ 93,219/-രൂപ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുൻപേ തന്നെ രണ്ടാം പാർട്ട് ബില്ലിൽ ചേർത്ത് നൽകി.ഇത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. കൂടാതെ രണ്ടാം പാർട്ട് ബില്ലിൽ റിലീസ് ചെയ്ത റീടെൻഷൻ തുകയായ 93,219/- രൂപ വീണ്ടും ഫൈനൽ ബില്ലിൽ റിലീസ് ചെയ്ത് തയാറാക്കിയതായും കാണുന്നു.
3. കരാർ കാലാവധി 18.06.2016-ൽ അവസാനിച്ചതിനെ തുടർന്ന് 17.06.2016-ലെ 8-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം പൂർത്തീകരണ കാലാവധി ഒരു മാസത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് നൽകി. കൂടാതെ 29.11.2016-ലെ 1ാം നമ്പർ തീരുമാനം പ്രകാരം പൂർത്തീകരണ കാലാവധി 31.12.2016 വരെ ദീർഘിച്ച് നൽകി.
   2012-ലെ കേരള സെക്ഷൻ 2112പ്രകാരം പരമാവധി ദീർഘിപ്പിച്ച് നൽകാവുന്ന പൂർത്തീകരണ സമയം കരാർ കാലാവധിയുടെ 50% വരെ മാത്രമായിരിക്കേ - പരമാവധി മൂന്ന് മാസം എന്നിരിക്കേ ഇതിന് വിരുദ്ധമായി കാലാവധി ദീർഘിപ്പിച്ച് നൽകിയ നടപടിക്രമപ്രകാരമല്ല.പ്രവൃത്തി പൂർത്തീകരിച്ചത് 30.12.2016-ലാണ്. ഇതിന് പൊതുമരാമത്ത് വകുപ്പ് മാന്വലിൽ അനുശാസിക്കും പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല.
4. പഞ്ചായത്ത് വക ബസ് സ്റ്റാൻഡിൽ മതിൽ പണിയുന്നതിന് ടി പുരയിടത്തിലുള്ള മണൽ കരാറുകാരൻ കുഴിച്ചെടുക്കുകയാണെന്നും എം. സാൻഡിന് പകരം മണൽ ഉപയോഗിച്ചിട്ടുണ്ടോ എന്ന പരാതിയിന്മേൽ സബ്കമ്മിറ്റി സ്ഥലം പരിശോധിച്ച് പഞ്ചായത്തിന് വന്ന നഷ്ടം കണ്ടെത്തി കരാറുകാരനിൽ നിന്നും ഈടാക്കണമെന്ന അഭിപ്രായത്തിന്മേൽ വ്യക്തവും വിശദവുമായ റിപ്പോർട്ട് അസി. എഞ്ചിനിയറോട് ആവശ്യപ്പെട്ട് തീരുമാനിച്ചതായി കാണുന്നു. (27.05.2016-ലെ പഞ്ചായത്ത് കമ്മിറ്റിതീരുമാനം നം. 13,14). പ്രസ്തുത റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

അപാകതകളിന്മേൽ രേഖകളും വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (20/16.08.2017)മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിലെ അപാകതകളിന്മേൽ വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

*മറ്റ് വിവരങ്ങൾ*

പ്രവൃത്തി മൂല്യം – 27,91,629/-

ടെണ്ടർ കിഴിവ് 12.99% – 3,62,633/

ആകെ പ്രവൃത്തി മൂല്യം – 24,28,996/-

CC 1st& part Bill (M B No. 291/15-16 P No.19,20)പ്രകാരം

| പ്രവൃത്തി മൂല്യം- | 10,71,366/- | റിമാർക്സ് |
|---|---|---|
| ടെണ്ടർ കിഴിവ് 12.99%- | 1,39,170/- | നികുതികൾ മറ്റ് കിഴിവുകൾ എന്നിവ കണക്കാക്കിയതിലെ അപാകതകൾ 2015-16 ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. |
| ആകെ പ്രവൃത്തി മൂല്യം - | 9,32,196/- | |
| റീടെൻഷൻ 10% (- ) - | 93,219/- | |
| VAT @4%- | 33,559/- | |
| IT @1%- | 8,390/- | |
| KCWWF @1%- | 8,390/- | |
| കരാറുകാരന് നൽകിയ തുക | 7,88,637/- | |

CC 2nd& part Bill -1057566/-(M B No 184/2015-16 Page No. 5, 6)

| | |
|---|---|
| പ്രവൃത്തി മൂല്യം | 12,15,453/- |
| ടെണ്ടർ കിഴിവ് 12.99% | 1,57,887/- |
| ആകെ പ്രവൃത്തി മൂല്യം | 10,57,566/- |
| ഒന്നാം പാർട്ട് ബില്ല് പ്രകാരമുള്ള റീടെൻഷൻ 10% (+) | 93,219/- |
| ആകെ | 1150785/- (ബിൽ നം. 20/16-17/18.01.2017) |
| റീടെൻഷൻ 10%(-) | 1,05,757/- |
| VAT @4% | 46031/- |
| IT @1% | 11508/- |
| KCWWF @1% | 11508/- |
| കരാറുകാരന് നൽകിയ തുക | 8,82,762/- |

CC 3rd& Final Bill-439235/- (M B No. 06/16-17, P No. 5, 6)

| | |
|---|---|
| പ്രവൃത്തി മൂല്യം | 5,04,810/- |
| ടെണ്ടർ കിഴിവ് 12.99% | 65,575/- |
| ആകെ പ്രവൃത്തി മൂല്യം | 439235/- |
| റിലീസ് ചെയ്ത റീടെൻഷൻ തുക (+)തയാറാക്കിയ ഫൈനൽ ബിൽ പ്രകാരം ഉള്ളത് | 1,98,976/- (93219+105757) |
| ആകെ | |
| VAT @4% | 17569/- |
| IT @1% | 4392/- |

| | |
|---|---|
| KCWWF @1% | 4392/- |
| കരാറുകാരന് നൽകാനായി തയാറാക്കിയ ബില്ല് പ്രകാരമുള്ള തുക ( ഓഡിറ്റ് തീയതി വരെ തുക നൽകിയിട്ടില്ല) | 447862/- |

## 3-16 കുടുംബശ്രീ കോൺഫറൻസ് ഹാൾ നിർമ്മാണം- പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ കിഴിവ് നടത്താതിരുന്നത് മൂലം അധിക തുക നൽകി

കുടുംബ ശ്രീ കോൺഫറൻസ് ഹാൾ നിർമ്മാണം എന്ന പ്രോജക്ട് നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 2.5% കുറവ് രേഖപ്പെടുത്തിയ ശ്രീ. എ.ജി. ആന്റണി എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് ടിയാനെ പ്രവൃത്തി ഭരമേൽപ്പിച്ചു. എന്നാൽ ഒന്നാം പാർട്ട് ബില്ലിൽ നിന്നും ടെണ്ടർ വ്യതിയാനം കിഴിവ് ചെയ്യാതിരുന്നതിനാൽ ടിയാന് അധിക തുക നൽകാനിടയായി. പ്രോജക്ടിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. - 119/16

സ്പിൽ ഓവർ പ്രോ നം. - 79/17

അടങ്കൽ - 14,90,000/- (12,90,000/- സി.ഡി.എസ്.ഫണ്ട്; 2,00,000/- - ത.ഫ)

ചെലവ് - 7,00,000/- (ചെക്ക് നം. 14464/18.11.16)

കരാറുകാരൻ - എ.ജി. ആന്റണി

ടെണ്ടർ വ്യതിയാനം - 2.5% Below Estimate Rate

കരാർ നം. - 66/AE/TKM/15-16 തീ:01.03.2016

ഒന്നാം പാർട്ട് ബില്ല പ്രകാരം ആകെ പ്രവൃത്തി മൂല്യം 7,81,224/- രൂപയാണ്. എന്നാൽ ടി പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ കിഴിവ് 2.5% നടത്താതെയാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്. (എം. ബുക്ക് നം. 181/15-16 പേജ് നം. 17, 18). തൻവർഷം സി.ഡി.എസ് അക്കൗണ്ടിൽ നിന്നും തുക അനുവദിച്ചത് 7 ലക്ഷം രൂപയാണ്. ഇതിൽ നിന്നും റീടെൻഷൻ ഒഴികെയുള്ള റിക്കവറി നടത്തിയതിനു ശേഷം (VAT 4% -31249; KCWWF-7812; IT- 7812; ആകെ 46873/-) കരാറുകാരന് 6,53,127/- രൂപ നൽകിയിട്ടുണ്ട്.

യഥാർത്ഥത്തിൽ കരാറുകാരന് നൽകേണ്ടിയിരുന്ന തുക താഴെ കൊടുക്കുന്നു.

പ്രവൃത്തി മൂല്യം - 7,81,224/-

ടെണ്ടർ കിഴിവ് (2.5%) -19531/-

ആകെ പ്രവൃത്തി മൂല്യം - 761693/-

റീടെൻഷൻ - 78122/-

മറ്റ് റിക്കവറീസ് - 46873/-

കരാറുകാരന് നൽകേണ്ടിയിരുന്ന തുക – 636698/-

ഒന്നാം പാർട്ട് ബിൽ പ്രകാരം അധികം നൽകിയത് - 16429/- (653127-636698)

ഇപ്രകാരം അധികം തുക നൽകിയതിന് വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റന്വേഷണത്തിന് (17/14.08.17) ക്ലറിക്കൽ പിഴവ് മൂലമാണ് അധിക തുക നൽകാനിടയായതെന്നും ആയത് ഫൈനൽ ബില്ലിൽ ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കുകയുണ്ടായി. അധിക തുക നൽകിയത് ക്രമീകരിച്ചിട്ടില്ലാത്തതിനാൽ ആയത് തടസ്സത്തിൽ വെയ്ക്കുന്നു. ഫൈനൽ ബില്ലിൽ നിന്നും ഇപ്രകാരം അധികം

നൽകിയ തുക റിക്കവറി നടത്താത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതായിരിക്കും.

## 3-17 കന്നുകുട്ടി പരിപാലനം - പ്രോജക്ട് പൂർത്തിയാക്കിയിട്ടില്ല

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിക്കായി (S0104/17) 312500/- രൂപ 14.03.2017-ലെ ബിൽ നം. 3/16-17 പ്രകാരം കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. വാരനാട് ക്ഷീരോല്പാദക സഹകരണസംഘം വഴിയാണ് കാലിത്തീറ്റ വിതരണം നടത്തുന്നത്. ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിലായി നാല് പ്രാവശ്യം കാലിത്തീറ്റ വിതരണം നടത്തിയിട്ടുള്ളതായി കാണുന്നു. തുകയുടെ കൈപ്പറ്റ് രസീതും പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-18 അയൽസഭ -രജിസ്റ്ററുകൾ വാങ്ങിയത് സംബന്ധിച്ച്

2016-17 വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് അയൽസഭകൾക്ക് രജിസ്റ്ററുകൾ വാങ്ങിയ ഇനത്തിൽ 10075/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെയുള്ള 23 വാർഡുകളിൽ 17 വാർഡുകളിലേക്കായി അംഗങ്ങൾ സ്വന്തമായി 50/- രൂപ മുതൽ 130/- രൂപ വരെ വ്യത്യസ്ത വിലകളിലുള്ള രജിസ്റ്ററുകൾ യഥേഷ്ടം വാങ്ങി ബില്ലുകൾ ഹാജരാക്കുകയും, എന്നാൽ പ്രസിഡന്റിന്റെ നിർദ്ദേശാനുസരണം പരമാവധി 75/- രൂപ വിലയുള്ള രജിസ്റ്റർ ദീർഘകാലം ഉപയോഗിക്കാവുന്നതാണെന്നതിനാൽ ഒരു രജിസ്റ്ററിന് 75/- രൂപ എന്ന് നിജപ്പെടുത്തി ഓരോ വാർഡിലും വാങ്ങിയ രജിസ്റ്ററുകളുടെ എണ്ണത്തിന് (6 എണ്ണം മുതൽ 10 എണ്ണം വരെ) ആനുപാതികമായി തുക നല്കുകയുമാണ് ചെയ്തിട്ടുള്ളത്. ആവശ്യമായ രജിസ്റ്ററുകൾ പഞ്ചായത്തിൽ നിന്നും വാങ്ങി വിതരണം നടത്തുന്നതിന് പകരം ഇപ്രകാരം വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഭാവിയിൽ ഇത്തരത്തിൽ രജിസ്റ്ററുകളോ ഹാജർബുക്കോ വാങ്ങേണ്ടതായ സാഹചര്യത്തിൽ, പഞ്ചായത്ത് ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങിച്ച് വാർഡുകൾക്ക് ആവശ്യാനുസരണം വിതരണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-19 നാമക്കാട് കമ്മ്യൂണിറ്റിഹാൾ വൈദ്യുതീകരണം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം. - 125/16-17

പ്രോജക്ടിന്റെ പേര് - നാമക്കാട് കമ്മ്യൂണിറ്റിഹാൾ വൈദ്യുതീകരണം.

അടങ്കൽ - 115800

ചെലവ് - 115276

ബില്ല് നം. - 9/16-17, തീയതി. 27.2.17

നാമക്കാട് കമ്മ്യൂണിറ്റിഹാൾ വൈദ്യുതീകരണത്തിനായി 28.2.2017ലെ 1486-ാം നമ്പർ ചെലാൻ പ്രകാരം 115276/- രൂപ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റുരസീതും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൈപ്പറ്റും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-20 രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ ചെലവഴിച്ച തുകയുടെ കൈപ്പറ്റ് രസീത്,

വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് നം / പേര് | തുക കൈപ്പറ്റിയത് | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | S0190/17<br>സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന | എക്സിക്യൂട്ടീവ് ഡയറക്ടർ,<br>കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | 500000/-<br>ബിൽ നം. 979/21-17<br>22.02.2017 | കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഇല്ല |
| 2 | S0116/17<br>വൈദ്യുത ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി | 229995/-<br>ബിൽ നം. 1099/17 തീയതി. 30.3.17,<br>ചെക്ക് നം. 0169789/ 29.3.17 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 3 | S0053/17<br>യു.പി.എസ് വാങ്ങൽ | IGA Tech Industrial Electronics Pvt Ltd. | 119400/-<br>DD 048913/07.09.2016 | കൈപ്പറ്റ് രസീത് ഇല്ല |
| 4 | S0058/17<br>വെറ്ററിനറി ആശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ | കെൽട്രോൺ | 37710/-<br>ചെക്ക് 14511/ 16.12.2016 | കൈപ്പറ്റ് രസീത് ഇല്ല |
| 5 | S0099/17<br>ഡി.പി.സി കെട്ടിട നിർമ്മാണ ഫണ്ട് വിഹിതം നൽകൽ | മെമ്പർ സെക്രട്ടറി, ഡി.പി.സി, ആലപ്പുഴ | 150000/-<br>DD 257661/22.11.16 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല |
| 6 | S0064/17<br>ഐ.കെ.എം. വിഹിതം നൽകൽ | എക്സിക്യൂട്ടീവ് ഡയറക്ടർ,<br>എ.കെ.എം,<br>തിരുവനന്തപുരം | 135005/-<br>DD 257662/22.12.16 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| | | ആകെ | 1172110/- | |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന

പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക കണക്കുകൾ പരിശോധിച്ച് വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

എ) റെസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്

2016-17 ലെ വരവ് ചെലവ് സംക്ഷിപ്തം

| | |
|---|---|
| മുന്നിരിപ്പ് | 30636603 |
| വരവ് | 87358613 |
| ആകെ | 117955216 |
| ചെലവ് | 72854313 |
| നീക്കിയിരിപ്പ് | 45100903 |

*അപാകതകൾ ചുവടെ ചേർക്കുന്നു.*

വസ്തു നികുതിയുടെ ഡി.സി.ബി - സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ളത് ധനകാര്യ പത്രിക പ്രകാരമുള്ള ഡി.സി.ബിയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയർ- സാംഖ്യ മാപ്പിംഗ് പൂർത്തിയാക്കി വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വസ്തുനികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് സഞ്ചയ/സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായതായി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പറയുന്നുണ്ടെങ്കിലും ധനകാര്യപത്രികയുമായി ഡി.സി.ബി - സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തുനികുതി പൊരുത്തപ്പെടുന്നില്ലാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

ബി) ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്

പഞ്ചായത്തിന്റെ 2016-17 ലെ ആദായ-വ്യയങ്ങളുടെ സംക്ഷിപ്തം

| | |
|---|---|
| ആകെ ആദായം | 166919434 |
| (-) ആകെ വ്യയം | 171122682 |
| | (+) 4203248 |
| (-) മുൻകാല ഇനം | 134776 |
| ഡെഫിസിറ്റ് | 4068472 |

*അപാകതകൾ ചുവടെ ചേർക്കുന്നു.*

1. അക്കൗണ്ട്സ് പ്രകാരമുള്ള NREGS ന്റെ വരവിൽ 100290/- രൂപയുടെ ചെക്ക് വരവ് വെച്ചിട്ടില്ലാത്തതിനാൽ അത്രയും തുക കുറവായാണ് അക്കൌണ്ട്സിൽ കാണിച്ചിരിക്കുന്നത്.
2. NREGS ന്റെ യഥാർത്ഥ ചെലവ് MIS റിപ്പോർട്ട് പ്രകാരം 78917482/-രൂപയാണ്. എന്നാൽ അക്കൌണ്ട്സിൽ ചെലവായി I.6ൽ കാണിച്ചിട്ടുള്ളത് 59564792/- രൂപയാണ്. 1,93,52,690/-രൂപയുടെ വ്യത്യാസം ഉണ്ട്.

സി) ബാലൻസ് ഷീറ്റ്

പഞ്ചായത്തിന്റെ 31/03/2017 ലെ ആസ്തി ബാധ്യതാവിവരങ്ങൾ

| | |
|---|---|
| ആകെ ആസ്തികൾ | 90480725.97 |
| റിസ്രവ്, ഇയർ മാർക്കഡ് ഫണ്ട് എന്നിവയടക്കമുള്ള ബാധ്യത | 65600498.65 |
| പഞ്ചായത്ത് ഫണ്ട് | 24880227.32 |

*പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു*

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റിൽ നിന്നും റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരമുള്ള കളക്ഷൻ കുറച്ചാൽ ലഭിക്കുന്ന തുക ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാലൻസുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ബാലൻസ്ഷീറ്റ് പ്രകാരം B-15 |
|---|---|---|---|---|
| 1 | വസ്തുനികുതി റെസിഡെൻഷ്യൽ 2576073/- (I1) | 2149111 (RP-43) | 426962 | 429954 (ലൈബ്രറി സെസ് ഒഴികെ) |
| 2 | വസ്തുനികുതി നോൺ റെസിഡെൻഷ്യൽ 2929669/- | 1483322 (RP-43) | 1446347 | 1443355 (ലൈബ്രറി സെസ് ഒഴികെ) |

2. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേക്ക് മാറ്റിയശേഷം ബാക്കി നിലനിർത്തേണ്ട തുക 397192/-രൂപയായിരുന്നു. എന്നാൽ 381292/- രൂപയാണ് നിലനിർത്തിയിട്ടുള്ളത്. 15900/-രൂപ അധികമായി തനത് ഫണ്ടിലേക്ക് മാറ്റിയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല
3. സാംഖ്യ ആരംഭിച്ച വർഷത്തിൽ ഓപ്പണിംഗ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ട മുഴുവൻ അസ്തി ബാദ്ധ്യതകളും തുടർവർഷങ്ങളിൽ സാംഖ്യയിൽ ഉൾപ്പെടുത്തേണ്ടതാണ്.
4. NREGS ന്റെ നീക്കിയിരിപ്പ് രജിസ്റ്റർ പ്രകാരം 210960/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം 113565/- രൂപയാണ് കാണിച്ചിരിക്കുന്നത്.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016/17 | 50000 | സാന്ത്വനം | 50000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2016/17 | 115000 | വൈദ്യുതി ലൈൻ നീട്ടൽ | 115000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016/17 | 400000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 400000 | ഇല്ല |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതിലൈൻ നീട്ടൽ | ബിൽ നം. 1099/17 തീയതി. 30.3.17,<br>ചെക്ക് നം. 0169789/ 29.3.17 | 229995 | 229995 | ഇല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-ഇല്ല-

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഇല്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | ജി.ഒ.(എം.എസ്) 207/2009 തീയതി –07/11/2009 | 18459000 | 3691800 | 1845900 | -- | 1845900 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6436932 |
| തൻവർഷം നിക്ഷേപിച്ച തുക | 546434 (പലിശ) |
| ആകെ | 6436932 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6983366 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഡി.സി.ബി ചേർത്തല, 2348618/13.04.2016 (രസീത് നം./തീ) | 6859448 |
| ഡി.സി.ബി ചേർത്തല,191019/27.04.2016 (രസീത് നം./തീ) | 123918 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4137/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2007-08 | 3-2, 3-11 | 2325 | ആർ. രാജ്പ്രദീപ്, മുൻകാല സെക്രട്ടറി | 11601106747/18/01 |
| 2010-11 | 3-08 | 362 | | 11601108748/18/01 |
| | 3-8(ടി.എ) | 160 | വി.പി. ധനപാലൻ | 11601108967/25.01.2017 |
| 2004-05 | 3-3 | 975 | ആർ. രാജ്പ്രദീപ്, മുൻകാല സെക്രട്ടറി | 11601108746/18.01.2017 |
| 2009-10 | 2-8 | 315 | സാനു സിപൽ, തണ്ണീർമുക്കം ഷോപ്പിംഗ് കോംപ്ലക്സ് നം. 3. | 11601109413/10.02.2017 |
| ആകെ | | 4137 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000 | 2003-04, ഖണ്ഡിക-7 | 1. പിഴപ്പലിശ ഒടുക്കിയില്ല | തീർപ്പാക്കിയിട്ടില്ല. |
| | | 2. വിത്തു വിതരണം അപാകത | |
| | | 3. നെൽവിത്ത് വിതരണം അപാകത | |
| | | 4. മണ്ഡരിരോഗ നിയന്ത്രണം | |
| | | 5. ചകിരി വിതരണം അപാകത | |
| | | 6. ധനസഹായം നല്കിയത് | |

| | |
|---|---|
| | 7. മരാമത്ത് പണികൾ രേഖകൾ ഇല്ല. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,73,18,613/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,28,54,313/- |
| വരവിനങ്ങളിലുള്ള നഷ്ടം | 1,27,651/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 94,340/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,57,052/ |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 23108 | | ശ്രീ.എസ്.അനിൽകുമാർ, സെക്രട്ടറി |
| 2-2 | 8400 | | ശ്രീ.എസ്.അനിൽകുമാർ, സെക്രട്ടറി |
| | 22600 | | ശ്രീ. വി.വി.പ്രസാദ്, സെക്രട്ടറി |
| 2-4 | 6250 | | ശ്രീ.എസ്.അനിൽകുമാർ, സെക്രട്ടറി |
| | 6250 | | ശ്രീ. വി.വി.പ്രസാദ്, സെക്രട്ടറി |
| 2-5 (1) | 6236 | | ശ്രീ.എസ്.അനിൽകുമാർ, സെക്രട്ടറി |
| | 49571 | | ശ്രീ. വി.വി.പ്രസാദ്, സെക്രട്ടറി |
| 2-5 (2) | 2556 | | ശ്രീ.എസ്.അനിൽകുമാർ, സെക്രട്ടറി |
| 2-5 (3) | 1050 | | ശ്രീ.എസ്.അനിൽകുമാർ, സെക്രട്ടറി |
| 2-6 | 1630 | | ശ്രീ. വി.വി.പ്രസാദ്, സെക്രട്ടറി |
| 3-1 | | 11880 | ശ്രീ. വി.വി.പ്രസാദ്, സെക്രട്ടറി<br>ശ്രീമതി.എൽ.പ്രസന്നകുമാരി, അസി.സെക്രട്ടറി<br>14.12.2016-ലെപഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ<br>(അനുബന്ധം 2 കാണുക) |

| | | | |
|---|---|---|---|
| 3-2 | | 5020 | ശ്രീ. വി.വി.പ്രസാദ്, സെക്രട്ടറി<br>ശ്രീമതി.എൽ.പ്രസന്നകുമാരി, അസി.സെക്രട്ടറി<br>14.12.2016-ലെ പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ<br>(അനുബന്ധം 2 കാണുക) |
| 3-3 | | 3000 | ശ്രീമതി. സമീറ പോത്തുകാട്ടിൽ, കൃഷി ഓഫീസർ |
| 3-4 | | 10000 | ശ്രീമതി. സമീറ പോത്തുകാട്ടിൽ, കൃഷി ഓഫീസർ |
| 3-5 | | 7300 | ശ്രീ. വി.വി.പ്രസാദ്, സെക്രട്ടറി |
| 3-8 | | 39279 | ശ്രീമതി. ദീപ്തി ജെയിംസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | | 17861 | ശ്രീമതി. ദീപ്തി ജെയിംസ്, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീ.എസ്.സുരേഷ്, അസി.എക്സി.എഞ്ചിനീയർ |
| ആകെ | 1,27,651/- | 94,340/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6(5) | 18000 | ശ്രീ. വി. വി. പ്രസാദ്, സെക്രട്ടറി |
| 3-6(6) | 21000 | ശ്രീ. വി. വി. പ്രസാദ്, സെക്രട്ടറി |
| 3-7 | 185000 | ശ്രീമതി. ബിന്ദു. കെ. ഒ, ഫിഷറീസ് ഇൻസ്പെക്ടർ |
| 3-10(1) | 80671 | ഡോ.അനുപമ എസ് പിള്ള, മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 3-10(2) | 200000 | ഡോ. അനുപമ. എസ്. പിള്ള, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-11 | 94525 | ഡോ.മോഹൻദാസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-12 | 341427 | ഡോ.അമ്പിളി, മെഡിക്കൽ ഓഫീസർ, CHC |
| 3-16 | 16429 | ശ്രീമതി. ദീപ്തി ജെയിംസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 9,57,052/- | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ ,മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

തിട്ടപ്പെടുത്തിയിട്ടില്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എസ്. അനിൽകുമാർ,<br>സെക്രട്ടറി | സെക്രട്ടറി,<br>രാമങ്കരി ഗ്രാമ പഞ്ചായത്ത് | മയൂരം,<br>സി.എം.സി. 10,ചേർത്തല |
| ശ്രീ. വി. വി. പ്രസാദ്,<br>സെക്രട്ടറി | സെക്രട്ടറി,<br>മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് | വെളിയിൽ,<br>കലവൂർ. പി.ഒ, ആലപ്പുഴ |
| ശ്രീമതി.എൽ.പ്രസന്നകുമാരി,<br>അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി,<br>കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് | ഗോപാലകൃഷ്ണ മന്ദിരം,<br>വയലാർ ഈസ്റ്റ്,<br>വയലാർ പി.ഒ, ചേർത്തല. |
| ശ്രീമതി. സമീറ പോത്തുകാട്ടിൽ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് | ചെറുകരകാവിൽ,<br>വാരണം പി.ഒ, പുത്തനങ്ങാടി |
| ശ്രീമതി. ദീപ്തി ജയിംസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി, തണ്ണീർമുക്കം | പുത്തൻ പറമ്പിൽ ഹൗസ്,<br>തോന്നക്കാട് പി.ഒ,<br>ചെറിയനാട്, ആലപ്പുഴ, പിൻ 689511 |
| ശ്രീ. സുരേഷ് എസ്,<br>അസി. എക്സിക്യൂട്ടിവ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, കഞ്ഞിക്കുഴി ബ്ലോക്ക് | കുറ്റിക്കാട്ട് ഹൗസ്,<br>എസ്.എൽ.പുരം പി.ഒ.<br>ചേർത്തല, ആലപ്പുഴ |
| ശ്രീമതി. ബിന്ദു കെ ഒ,<br>ഫിഷറീസ് ഇൻസ്പെക്ടർ | ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്,<br>ആലപ്പുഴ. | ചേനത്തുണ്ടിൽ വീട്,<br>കരീപ്പള്ളി, പെരുമ്പുഴ. പി.ഒ. |
| ഡോ. അനുപമ. എസ്. പിള്ള,<br>മെഡിക്കൽ ഓഫീസർ<br>ആയുർവ്വേദം | മെഡിക്കൽ ഓഫീസർ,<br>ആയുർവേദ ഡിസ്പെൻസറി | കൃഷ്ണകൃപ,<br>നോർത്ത് ആര്യാട് പി.ഒ,<br>ആലപ്പുഴ. |
| ഡോ. മോഹൻദാസ്,<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | മെഡിക്കൽ ഓഫീസർ,<br>തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് | തോണിപ്പുരയ്ക്കൽ,<br>മരുത്തോർവട്ടം പി.ഒ,<br>ചേർത്തല |
| ഡോ.അമ്പിളി, | മെഡിക്കൽ ഓഫീസർ , | അശ്വതി, മുഹമ്മ പി.ഒ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, CHC | സി.എച്ച്.സി, തണ്ണീർമുക്കം | |
| ഡോ. സമീറാബീഗം, വെറ്റിനറി സർജൻ | മെഡിക്കൽ ഓഫീസർ, വെറ്റിനറി സർജൻ, മുട്ടത്തിപ്പറമ്പ് പി ഒ | എക്സ്റ്ററഫി, സി.എം.സി.32, ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 (വരവ്-ചെലവ്) | എൽ.എഫ്.ജി.എ.5-1182/11/19.01.2012 |
| 2001-02 (ചെലവ്-പദ്ധതി വിഹിതം ഒഴികെ) | എൽ.എഫ്.ജി.എ.5-1182/11/19.01.12 |
| 2003-04 | എൽ.എഫ്.ജി.എ.5-1182/11/19.01.12 |
| 2004-05 | എൽ.എഫ്.ജി.എ.5-1182/11/19.01.12 |
| 2005-06(ചെലവ്) | എൽ.എഫ്.ജി.എ.5-1182/11/19.01.12 |
| 2006-07 | എൽ.എഫ്.ജി.എ.16-925/10/19.02.11/28.02.11 |
| 2007-08 | എൽ.എഫ്.ജി.എ9-603/11/10.01.12/13.06.12 |
| 2008-09 | എൽ.എഫ്.ജി.എ.9-374/12/06.07.12/03.09.12 |
| 2009-10 | എൽ.എഫ്.ജി.എ.9-343/12/06.07.12/03.09.12 |
| 2010-11&2011-12 | എൽ.എഫ്.എ.പി1-625/12/21.01.14/15.03.14 |
| 2012-13 | എൽ.എഫ്.എ.പി1-101/15/07.04.15/29.06.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി. പി1/1033/15/15.09.1/ 17.10.15 |
| 2014-15 | കെ.എസ്എ/എ.എൽ.പി-പി1-819/2016/ 26.07.2016 |
| 2015-16 | നം. കെ.എസ്.എ-എ.എൽ.പി-പി1-1255/16/15.11.2016 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

നം. കെ.എസ്.എ-എ.എൽ.പി-പി13-1124/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 13.09.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P13-1124

Kerala State Audit Department,

District Audit Office, Alappuzha.

Date: 13.09.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thannermukkom Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Thannermukkom Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

.

.

Deputy Director

Kerala State Audit Department

Alappuzha

## അനുബന്ധം-2

ഖണ്ഡിക 3-1,3-2 എന്നിവയിൽ ഉയർന്ന ടെണ്ടർ അംഗീകരിച്ചതുവഴി ഉണ്ടായ നഷ്ടത്തിന് ഉത്തരവാദികളായ 14-12-2016-ലെ കമ്മറ്റിയിൽ പങ്കെടുത്ത പഞ്ചായത്ത് അംഗങ്ങളുടെ പേര് വിവരങ്ങൾ

| അംഗത്തിന്റെ പേര് | മേൽവിലാസം | വാർഡ് നം. |
|---|---|---|

| | | |
|---|---|---|
| മധു.എം | മാളികക്കരി, വാരനാട് പി.ഒ | 1 |
| ബിനിത | കായൽനികർത്ത്, വാരനാട് പി.ഒ | 2 |
| മറിയാമ്മ | മറ്റത്തിൽ, വാരനാട് പി.ഒ | 3 |
| കെ.സി.രമേശ് ബാബു | കളത്തുപറമ്പ്, വാരനാട് പി.ഒ | 4 |
| സനജ.പി.എൻ | പള്ളിത്തറ, കൊക്കോതമംഗലം | 5 |
| രമാമദനൻ | തിരുവാതിര, തണ്ണീർമുക്കം | 6 |
| സാനുസുധീന്ദ്രൻ | മാധവം, തണ്ണീർമുക്കം | 7 |
| ഉഷാകുമാരി ശിവദാസൻ | കുന്നേൽ വീട്, കണ്ണങ്കര | 8 |
| സുനിമോൾ | ഉഴുതുമ്മേൽവെളി, കണ്ണങ്കര | 9 |
| യമുന.കെ.ആർ | അപ്പക്കോട്ട്, വാരണം | 10 |
| എൻ.വി.ഷാജി | നല്ലകുറ്റ്, വാരണം | 11 |
| സുധർമ സന്തോഷ് | പുള്ളുപറമ്പിൽ, കരിക്കാട് | 13 |
| എ.ജെ.ജോസഫ് | ആറ്റുമ്മേൽ പുത്തൻകരിയിൽ, കരിക്കാട് | 14 |
| ഷൈലേഷ് | തൊഴുന്ത്രക്കരി, മുട്ടത്തിപ്പറമ്പ് | 15 |
| മിനി ബിജു | കിഴക്കേമംഗലത്ത്, മുട്ടത്തിപ്പറമ്പ് | 16 |
| ലിജി | ഇടവഴിക്കൽ, മരുത്തോർവട്ടം | 17 |
| പ്രസന്നകുമാരി | സൂര്യനിവാസ്, മരുത്തോർവട്ടം | 18 |
| അഡ്വ.പി.എസ്.ജ്യോതിസ് | ജ്യോതിഭവൻ, മരുത്തോർവട്ടം | 19 |
| രേഷ്മ.ടി.ആർ | തറയിൽ, മുട്ടത്തിപ്പറമ്പ് | 20 |
| സനൽനാഥ് | കൊച്ചുകരി, കൊക്കോതമംഗലം | 21 |
| സജി ആന്റണി | പുളിയ്ക്കൽ, വാരനാട് | 22 |

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ